# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 No.4 കാർത്തികപ്പള്ളി R.No. 7361/02 2023 APRIL

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## 2.6 ബില്യൺ വർഷം പഴക്കുമുള്ള ജലം

കാനഡയിലെ ടൊറന്റോ സർവകലാശാല എർത്ത് സയൻസ് ഡിപ്പാർട്ട്മെന്റിലെ പ്രഫസർ ബാർബറ ഷെർവുഡ് ലോലർ പ്രശസ്തയായ ജിയോളജിസ്റ്റ് ആണ്. ഭൂമിക്കടിയിൽ കെട്ടിക്കിടക്കുന്ന പുരാതന ജലവുമായി ബന്ധപ്പെട്ടു നിരവധി പഠനങ്ങൾ നടത്തിയിട്ടുള്ള ഗവേഷകയാണ്



ലോലർ. അടുത്തിടെ ഗവേഷണങ്ങൾക്കിടയിൽ കണ്ടെത്തിയ പുരാതനജലം സധൈര്യം കുടിച്ചു ലോലർ. ജലത്തിന്റെ പഴക്കമോ 2.6 ബില്യൺ വർഷം!

ഗവേഷകസംഘത്തിലുള്ളവർ ആശങ്കയോടെയാണ് ലോലറുടെ പ്രവൃത്തി നോക്കിനിന്നത്. ആ പുരാതനജലം കുടിച്ച ലോലർ തനിക്കുണ്ടായ അനുഭവം ലോകത്തിനുമുമ്പിൽ വിവരിച്ചു. ഉപ്പു നിറഞ്ഞതായിരുന്നു വെള്ളം എന്ന് ലോലർ പറഞ്ഞു. മേപ്പിൾ സിറപ്പിന്റെ കട്ടിയായിരുന്നു ജലത്തിനുണ്ടായിരുന്നത്. താനിതുവരെ ഇത്രത്തോളം ഉപ്പുള്ള വസ്തു രുചിച്ചു നോക്കിയിട്ടു പോലുമില്ലെന്ന് ലോലർ മാധ്യമങ്ങൾക്കു നൽകിയ അഭിമുഖത്തിൽ വെളിപ്പെടുത്തുന്നു.

സാധാരണ വെള്ളം പോലെയായിരുന്നു ആദ്യ കാഴ്ചയിൽ ദ്രാവകം. അതേസമയം ഓക്സിജനുമായി ചേർന്നപ്പോൾ ജലത്തിന്റെ നിറം മാറി ഓറഞ്ചുനിറം കൈവന്നു. ജലവും പാറയും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ മൂലമാണു ജലത്തിന് ഉപ്പുരസമുണ്ടായതെന്ന് ലോലർ വിശദീകരിക്കുന്നു.

## വാട്ടർടാങ്കിൽ തീർത്ത ആഡംബരം



റോബ് ഹണ്ട് നിസാരക്കാരനല്ല! ഫാക്ടറി ജീവനക്കാരനായിരുന്ന ഇദ്ദേഹം വ്യത്യസ്തമായ ആശയങ്ങളാലും പ്രവൃത്തികളാലും തന്റെ സുഹൃത്തുക്കളെ പലകുറി അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴിതാ 80 വർഷം പഴക്കമുള്ള വാട്ടർ ടാങ്ക് വിലയ്ക്കു വാങ്ങി ആഡംബര വീടാക്കി മാറ്റിയിരിക്കുകയാണ് ഹണ്ട്.

1940-ൽ പണികഴിപ്പിച്ച വാട്ടർ ടാങ്ക് വാങ്ങി വീടാക്കി മാറ്റാനുള്ള ഹണ്ടിന്റെ ആഗ്രഹമറിഞ്ഞ സുഹൃത്തുക്കൾ അതിൽ നിന്നു പിന്തിരിപ്പിക്കുകയാണ് ആദ്യം ചെയ്തത്. ലോകം ഹണ്ടിനെ 'വട്ടൻ' എന്നു വിളിക്കുമെന്നും സ്വപ്രവൃത്തിയാൽ ദുഃഖിക്കേണ്ടിവരുമെന്നും സുഹൃത്തുക്കൾ അദ്ദേഹത്തെ ഓർമിപ്പിച്ചു. എന്നാൽ, ഹണ്ട് തന്റെ തീരുമാനത്തിൽനിന്നു പിന്തിരിഞ്ഞില്ല. സ്വപ്നം യാഥാർഥ്യമാക്കാൻ രണ്ടും കൽപ്പിച്ച് ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു.

അതുവരെ സമ്പാദിച്ചതെല്ലാം ഹണ്ട് വിറ്റുപെറുക്കി. വാട്ടർ ടാങ്ക് വാങ്ങി. ഉപയോഗശൂന്യമായ വലിയ വാട്ടർ ടാങ്കായിരുന്നു അത്. 2019-ലാണ് ബൈഡ്ഫോഡ് ടൗണിനടുത്തുള്ള ഡെവണിലെ ക്ലോവെല്ലി ക്രോസിനു സമീപമുള്ള വാട്ടർ ടാങ്ക് ഹണ്ട് വിലയ്ക്കുവാങ്ങുന്നത്. മൂന്നു വർഷത്തെ നിർമാണപ്രവൃത്തികൾ കൊണ്ട് വാട്ടർ ടാങ്കിനെ ആരെയും അതിശയിപ്പിക്കുന്ന ആഡംബരഭവനമാക്കി മാറ്റി.

മൂന്നു നിലകളാണ് വീടിനുള്ളത്. നാല് ബെഡ്റൂമുകളുണ്ട്. ആധുനിക സൗകര്യങ്ങളുള്ള അടുക്കള, മനോഹരമായ ഹാൾ എന്നിവയുമുണ്ട്. ലളിതവും മനോഹരവുമാണ് ഇന്റീരിയർ ഡിസൈനിംഗ്. മൂന്നുവർഷത്തെ തന്റെ നിർമ്മാണപ്രവൃത്തികളുടെ വീഡിയോയും ചിത്രങ്ങളും ഇൻസ്റ്റഗ്രാമിൽ ഹണ്ട് പങ്കുവച്ചിട്ടുണ്ട്. നിരവധി ആളുകളാണ് ലൈക്കും കമന്റുമായി എത്തിയത്. പിന്തിരിപ്പിക്കാൻ ശ്രമിച്ചവർക്കും വിമർശിച്ചവർക്കും പിന്നീട് ഹണ്ടിനെ അഭിനന്ദിക്കേണ്ടി വന്നു.

## ഗൂഗിളിനപ്പുറത്തേക്ക്

എന്തെങ്കിലും കാര്യം ചോദിച്ചാൽ ഗൂഗിൾ എന്ന സേർച്ച് എൻജിൻ കുറച്ച് ലിങ്കുകൾ കൊണ്ടുവന്നു നിരത്തിവയ്ക്കും. 'വേണമെങ്കിൽ ലിങ്ക് തുറന്നു തപ്പി കണ്ടുപിടിച്ചോണം' എന്ന ലൈനാണ്. എന്നാൽ, ഓപ്പൺ എഐ അവതരിപ്പിച്ച പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സേവനമായ ചാറ്റ്ജിപിടിയോട് നമുക്ക് കൂട്ടുകാരോട് എന്നവണ്ണം സംശയങ്ങൾ ചോദിക്കാം. കൂട്ടുകാർ പറഞ്ഞു തരുന്നതുപോലെ മറുപടി കിട്ടും. അതും അതിവേഗത്തിൽ, ഇന്റർനെറ്റിലെ അറിവു കൂമ്പാരത്തിലൂടെ ഊളിയിട്ട ശേഷമാണ് ഇതെല്ലാം നൽകു






ന്നത്. കൂട്ടുകാർക്കു സാധിക്കാത്ത തരത്തിലുള്ള വിവരങ്ങളാണ് നൽകുന്നതും.

ചാറ്റ്ജിപിടി തെറ്റുവരുത്തിയ ധാരാളം അവസരങ്ങളും ഉണ്ട്. പക്ഷേ, പൊതുവെ ആശ്രയിക്കാവുന്ന ഒന്നായാണ് അതു വിലയിരുത്തപ്പെടുന്നത്. ജോലിക്ക് ഒരു അപേക്ഷ എഴുതണമെന്നു പറഞ്ഞാലും ഗൂഗിൾ കുറച്ച് ലിങ്കുകൾ കൊണ്ടുവന്നു തരും. പക്ഷേ, ചാറ്റ്ജിപിടി ഒരപേക്ഷ തന്നെ എഴുതിയങ്ങു തരും. അതുപോലെ നിരവധി കാര്യങ്ങൾ ചാറ്റ്ജിപിടിയെകൊണ്ട് ചെയ്യിക്കാം. കഥയും കവിതയും മുതൽ കംപ്യൂട്ടർ കോഡിങ് വരെ പലതും അതിനു വഴങ്ങും.

**ഒരാളെ കല്യാണം കഴിക്കാൻ കൊള്ളാമോ എന്നും ചോദിക്കാം**

രണ്ടുപേർ തമ്മിൽ യോജിച്ചു പോകണമെങ്കിൽ എന്തൊക്കെ വേണം എന്നതിനെക്കുറിച്ചൊക്കെ സാമാന്യം തൃപ്തികരമായ ഉത്തരങ്ങൾ നൽകാൻ ചാറ്റ്ജിപിടിക്കു സാധിക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ഉപയോക്താക്കൾ എഐക്കു നൽകുന്ന ചോദ്യങ്ങളിലെ വാക്കുകളുടെ കൃത്യത, ഉത്തരങ്ങളെയും ബാധിക്കാം. ഒരാൾക്ക് നിങ്ങളോട് ഇഷ്ടമുണ്ടെങ്കിൽ അയാളുടെ പെരുമാറ്റം എങ്ങനെ ആയിരിക്കും തുടങ്ങിയ കാര്യങ്ങൾക്കും ചാറ്റ്ജിപിടി ഉത്തരം നൽകുന്നു. എന്നാൽ, ഇതിൽ പലതും പടിഞ്ഞാറൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണെന്നും കാണാം. അതേസമയം, വ്യക്തികൾ തമ്മിൽ വ്യത്യാസമുണ്ടെന്നും ചാറ്റ്ജിപിടിയുടെ ഉത്തരങ്ങൾ പൊതുവെയുള്ള കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു എന്നും വിമർശകർ പറയുന്നു. ഒരു റോബട്ടിന് ഒരു പ്രത്യേക സാഹചര്യത്തിലെ വികാരം വായിച്ചെടുക്കാനൊന്നും ഇപ്പോൾ കെൽപില്ലെന്നും വിമർശകർ വാദിക്കുന്നു.

അത് ഒരിക്കൽ പോലും പരുക്കൻ മറുപടികൾ നൽകുന്നില്ലെന്ന് ഉപയോഗിച്ചവരിൽ പലരും പറയുന്നു. അതേസമയം, പല മനുഷ്യരോടും നേരിട്ട് ഇടപെടുന്നതിനേക്കാൾ ഹൃദ്യമായ ഇടപെടൽ അനുഭവിക്കാനായെന്നു സാക്ഷ്യപ്പെടുത്തുന്നവരും ഉണ്ട്. മനുഷ്യരുടെ തന്നെ നല്ല സ്വഭാവം അനുകരിക്കാനൊരു ശ്രമം ചാറ്റ്ജിപിടിയെ കൊണ്ട് നടത്തിക്കുന്നുണ്ടാകാമെന്നും വിലയിരുത്തലുകളുണ്ട്. വളരെ ശ്രദ്ധാപൂർവ്വം കോർത്തിണക്കിയ വാക്കുകൾ ആണ് എഐ ഉപയോഗിക്കുന്നത്.

**താത്പര്യങ്ങളെക്കുറിച്ച് അറിയാം**

നമ്മൾ ഇഷ്ടത്തിലാകാൻ ശ്രമിക്കുന്നവരുടെ ഹോബികൾ, ബൗദ്ധിക തലം തുടങ്ങിയവയെക്കുറിച്ചൊക്കെ ധാരണയുണ്ടാക്കാനും ചാറ്റ്ജിപിടി പ്രയോജനപ്പെടുത്താം. അതേസമയം, ഓരോ വ്യക്തിക്കും തനത് ഇഷ്ടാനിഷ്ടങ്ങൾ ഉണ്ട്. അതെല്ലാമാണ് ആ വ്യക്തിയെ രൂപപ്പെടുത്തിയിരിക്കുന്നത്. ഇതെല്ലാം പിടിച്ചെടുക്കാനുള്ള കെൽപ്പൊന്നും എഐ ആർജ്ജിച്ചിട്ടുമില്ല. ചില പൊതുവായ ധാരണകൾ നൽകാൻ മാത്രമേ സാങ്കേതികവിദ്യക്ക് ഇപ്പോൾ സാധിക്കൂ.

## ചിന്തകളെ നിയന്ത്രിക്കുന്ന ചിപ്പ്

ചിന്തകൾകൊണ്ട് കംപ്യൂട്ടറുകളേയും സോഷ്യൽ മീഡിയയേയും നിയന്ത്രിക്കാൻ ശേഷിയുള്ള മനുഷ്യന്റെ മുടിയേക്കാളും കനം കുറഞ്ഞ ചിപ്പ് കണ്ടെത്തി. മനുഷ്യമസ്തിഷ്കത്തിൽ നിന്നുള്ള സിഗ്നലുകൾ പിടിച്ചെടുക്കാനും അതിന് അനുസരിച്ച് നിർദേശങ്ങൾ കംപ്യൂട്ടറിന് കൈമാറാനും സാധിക്കുന്ന ഈ ചിപ്പുകൾ ശരീരം തളർന്നു കിടക്കുന്നവർക്കും ശാരീരിക പരിമിതികളുള്ളവർക്കും വലിയ അനുഗ്രഹമാകുമെന്നാണ് പ്രതീക്ഷ.



ഇലോൺ മസ്കിന്റെ ന്യൂറലിങ്ക് എന്ന കമ്പനിയും സമാനമായ ഉപയോഗമുള്ള ചിപ്പ് പുറത്തിറക്കാനുള്ള ശ്രമത്തിലാണ്. അതേസമയം ന്യൂറലിങ്കിന്റെ ചിപ്പിനെ അപേക്ഷിച്ച് വലുപ്പം കുറവും വളരെയെളുപ്പത്തിൽ സ്ഥാപിക്കാൻ സാധിക്കുന്നതുമാണ് പുതിയ ചിപ്പെന്നാണ് ഇത് പുറത്തിറക്കിയ പ്രിസിഷൻസ് എന്ന കമ്പനി അവകാശപ്പെടുന്നത്. ലെയർ 7 കോർടിക്കൽ ഇന്റർഫേസ് എന്നു പേരിട്ടിരിക്കുന്ന ഈ ചിപ്പിന് മനുഷ്യന്റെ തലമുടിയുടെ അഞ്ചിലൊന്ന് മാത്രമാണ് കനം.

ഈ ചിപ്പ് മസ്തിഷ്കത്തിൽ നേരിട്ട് സ്ഥാപിക്കേണ്ട ആവശ്യമില്ല. തലയിൽ ചെറിയൊരു മുറിവുണ്ടാക്കി ഈ ചിപ്പ് വെക്കനാവും. ഒരു മില്ലീമീറ്റർ മാത്രമായിരിക്കും തലയിൽ വരുത്തേണ്ട ഈ മുറിവിന്റെ കനമെന്നാണ് പ്രിസിഷൻസ് സിഇഒ മൈക്കൽ മാഗർ പറഞ്ഞത്. ഈ ചിപ്പ് സ്ഥാപിക്കുന്നതിന് കുറച്ചു ഭാഗത്തെ മുടി വടിക്കേണ്ട ആവശ്യം പോലുമില്ലെന്ന് ചുരുക്കം.

തലയോട്ടിയുടെ ഒരു ഭാഗം തുളച്ച് സ്ഥാപിക്കേണ്ട ചിപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാങ്കേതികവിദ്യക്ക് ഒരുപാട് മേന്മകളുണ്ട്. തലയോട്ടി തുളയ്ക്കുന്ന ശസ്ത്രക്രിയ സങ്കീർണവും സമയമെടുക്കുന്നതും അണുബാധയുടെ സാധ്യതകളുള്ളതുമാണ്.

മസ്തിഷ്കത്തിൽ നിന്നും സിഗ്നലുകൾ സ്വീകരിക്കുകയും അത് ചിപ്പുമായി ബന്ധിപ്പിച്ചിരിക്കുന്ന ഉപകരണത്തിലേക്ക് അയയ്ക്കുകയുമാണ് തലയിൽ സ്ഥാപിക്കുന്ന ഈ ചിപ്പിന്റെ ജോലി. ഒരിക്കൽ സ്ഥാപിക്കുന്ന ചിപ്പുകൾ ഉപയോഗിക്കുന്നവർക്ക് വേണ്ടെന്ന് തോന്നിയാൽ എപ്പോൾ വേണമെങ്കിലും എടുത്തു മാറ്റാനും സാധിക്കും. മൃഗങ്ങളുടെ മസ്തിഷ്കത്തിൽ നിന്നുള്ള സിഗ്നലുകൾ സ്വീകരിക്കാനും ഈ ചിപ്പിന് ശേഷിയുണ്ട്. വൈകാതെ മനുഷ്യരിൽ പരീക്ഷണത്തിനുള്ള അനുമതി യു.എസ് ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (FDA) നൽകുമെന്നാണ് പ്രിസിഷൻസിന്റെ പ്രതീക്ഷ.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
| --- | --- | --- | --- | --- | --- | --- |
| ടി.എം. വർഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ - പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ചുവന്ന വിപ്ലവകാരി



**വാ**യെന്ന ഗുഹയിൽ, ദന്തനിരകളാകുന്ന പട്ടാളക്കാരാൽ കാക്കപ്പെടുന്ന നിയന്ത്രണാതീതനായ ചുവന്ന വിപ്ലവകാരി! ഒന്ന് ചിന്തിച്ചുനോക്കൂ: ഇന്ന് ലോകമെമ്പാടുംഫോണിൽകൂടി എത്രമാത്രം വാക്കുകൾ പറഞ്ഞിട്ടുണ്ടാകും? ടെലിവിഷനും റേഡിയോയും പ്രക്ഷേപിച്ച എത്രമാത്രം വാക്കുൾ ഈ ഭൂമണ്ഡലത്തിൽ തങ്ങിനിൽക്കുന്നുണ്ടാകും? ശരീരത്തിലുള്ള മറ്റെല്ലാ അവയവങ്ങളും വരുത്തിവച്ചതിനേക്കാൾ കൂടുതൽ നാശം നാവ് ഉണ്ടാക്കിയിട്ടുണ്ട്.

നമ്മൾ പറയുന്ന വാക്കുകളുടെ ഉത്തരവാദിത്വം നമുക്കു തന്നെയാണ്. “എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വാക്കുകളാൽ നീ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും” (മത്തായി 12:36–37). നമ്മുടെ സ്വന്തം വാക്കുകൾ നമ്മെ കെണിയിൽ അകപ്പെടുത്തിക്കളയും (സദൃശ. 8:2). വാഗ്ദാന ലംഘനങ്ങളാലും നിറവേറ്റാത്ത ശപഥങ്ങളാലും നമ്മൾ കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. വീണ്ടുവിചാരമില്ലാത്ത, വിമർശനങ്ങളാലും മുൻപിൻനോക്കാത്ത വിധിനിർണ്ണയങ്ങളാലും അതു തന്നെയാണ് സംഭവിക്കുന്നത്. “നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിക്കാൻ എങ്ങനെ കഴിയും, ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്ന് തീയതു പുറപ്പെടുവിക്കുന്നു.” (മത്താ. 12:34,35).

വിഷലിപ്തമായ ഒരു ചതിക്കുഴി, പൈശാചികത്വത്തിന്റെ ഒരു നിലവറ, മ്ലേച്ഛതയുടെ ഒരു അഗാധഗർത്തം, അരാജകത്വത്തിന്റെ ഒരു പടുകുഴി നാവിന് ഇങ്ങനെയെല്ലാം ആയിരിപ്പാൻ കഴിയും.

ഒരിക്കലും ക്ഷീണിക്കുകയില്ല. ഒടിവോ, ഉളുക്കോ ഉണ്ടായിട്ട് ഇതിനു കമ്പുവച്ചുകെട്ടി ഒരിക്കലും ഞാൻ കണ്ടിട്ടുമില്ല. പ്രായമാകുമ്പോൾ നിങ്ങൾ കൃത്രിമ ദന്തനിര വയ്ക്കുമായിരിക്കും. എന്നാൽ ജനിച്ചപ്പോഴുള്ള അതേ നാവ് തന്നെയായിരിക്കും ജീവിതകാലം മുഴുവൻ നിങ്ങൾക്കുള്ളത്. ഇന്നത്തെകാലത്ത് കൃത്രിമസന്ധികൾ പോലും നിർമ്മിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാവുകൾ നിർമ്മിക്കുന്നില്ല.



“നിങ്ങളുടെ നാവിനെ നിങ്ങളുടെ പല്ലുകളുടെ ഇടയിൽ സൂക്ഷിക്കുക”. “ഒരു പ്രാവശ്യം സംസാരിക്കുന്നതിനുമുമ്പായി രണ്ടുപ്രാവശ്യം ചിന്തിക്കുക. എന്നിങ്ങനെ സുഭാഷിതങ്ങൾ. “നിങ്ങളുടെ നാവിനെ ജയിലിൽ അടയ്ക്കുക; എന്നാൽ നിങ്ങളുടെ ശരീരം സ്വതന്ത്രമാകും”, നീളമുള്ള നാവ് സൗഹൃദത്തെ ഹ്രസ്വമാക്കും.

“നിങ്ങൾ പറയുന്ന ഓരോ വാക്കിനും ഒരു ദിവസം ദൈവസന്നിധിയിൽ മറുപടി പറയേണ്ടിവരും എന്ന് ഓർത്തുകൊള്ളുക.

പലതരത്തിലുള്ള നാവിനെപ്പറ്റി വിശുദ്ധവേദപുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്:

മുഖസ്തുതി പറയുന്ന നാവ് (സങ്കീ. 5:9)

വമ്പുപറയുന്ന നാവ് (സങ്കീ. 12:3;73:19)

വ്യാജമുള്ള നാവ് (സങ്കീ. 109:2, സദൃശ. 6:17)

വഞ്ചനയുള്ള നാവ് (സങ്കീ. 120:2)

വക്രതയുള്ള നാവ് (സദൃ. 10:31, 17:20)

ശാന്തതയുള്ള നാവ് (സദൃ. 15:4)

സുഖപ്രദമായ നാവ് (സദൃ. 12:18)

നാശകരമായ നാവ് (സദൃ. 17:4)

ദോഷവും അതിക്രമവും ഉള്ള നാവ് (സങ്കീ. 10:7)


മൃദുവായ നാവ് (സദൃ. 25:15)

ഏഷണി പറയുന്ന നാവ് (സദൃ. 25:23)

യാക്കോബ് അപ്പോസ്തലനും നാവിനെപ്പറ്റി പറയുന്നുണ്ട്. ശരീരത്തിലെ ഒരു ചെറിയ അംഗം എങ്കിലും, നാവ് വളരെ വമ്പു പറയുന്നു. നാവിനെ തീ എന്ന് വിളിക്കുക മാത്രമല്ല, അത് അകൃത്യത്തിന്റെ ലോകം തന്നെ എന്ന് അദ്ദേഹം വിശേഷിപ്പിക്കുകയും ചെയ്യുന്നു. ആരാലും മെരുക്കുവാൻ പറ്റാത്തതും, മരണകരമായ കൊടിയ വിഷം നിറഞ്ഞതുമായ അത് അടങ്ങാത്ത ദോഷം തന്നെ. അതേ നാവു തന്നെ ഒരേസമയം ദൈവത്തെ സ്തുതിക്കാനും മനുഷ്യനെ ശപിക്കുവാനും ഉപയോഗിക്കുന്നു. തന്റെ വാക്കിൽ തെറ്റാതിരിക്കുന്നവൻ സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു എന്നും അപ്പോസ്തലൻ പറഞ്ഞിട്ടുണ്ട് (യാക്കോ. 3:2–10)

യാക്കോബ് അപ്പോസ്തലൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ, മനുഷ്യൻ കൈപ്പിടിയിലൊതുക്കിയ കാര്യങ്ങൾ കണ്ട് അദ്ദേഹം അന്ധാളിച്ചുപോകുമായിരുന്നു. വിസ്മയകരമായ പേടകങ്ങൾക്കു ഉള്ളിലാക്കി മനുഷ്യരെ നാം ശൂന്യാകാശത്തേക്ക് വിക്ഷേപിച്ചു. മാസങ്ങളോളം ജലോപരിതലത്തിലേക്ക് വരാതവണ്ണം അന്തർവാഹിനികളിലാക്കി കടലിന്റെ അഗാധതയിലേക്ക് നാം മനുഷ്യരെ വിട്ടു. മനുഷ്യൻ ചന്ദ്രനെ അവന്റെ കാൽക്കീഴിലാക്കുകയും, ആഴിയുടെ അടിത്തട്ടിൽ അവന്റെ കാല്പ്പാടുകൾ പതിപ്പിക്കുകയും ചെയ്തു. നമ്മുടെ ശബ്ദം ലോകമെമ്പാടും പ്രതിഫലിപ്പിക്കുവാൻ കഴിവുള്ള അത്ഭുതാവഹമായ ഉപഗ്രഹങ്ങൾ ശൂന്യാകാശത്ത് നാം നിക്ഷേപിച്ചു. വമ്പൻ കാറ്റാടി യന്ത്രങ്ങൾകൊണ്ട് കാറ്റിനെ പിടിച്ചു നിർത്തുകയും വൈദ്യുതി ഉത്പാദന യന്ത്രങ്ങളെ പ്രവർത്തിപ്പിക്കുവാൻ തക്കവണ്ണം നദികളെയും വെള്ളച്ചാട്ടങ്ങളെയും നിയന്ത്രിക്കുന്ന മനുഷ്യന് സ്വന്തം നാവിനെ ഇന്നോളം കീഴടക്കുവാനോ, നിയന്ത്രിക്കുവാനോ സാധിച്ചിട്ടില്ല.

സങ്കീർത്തനം 64:3–ൽ നാവിനെ ‘വാൾ’ എന്ന് വിളിച്ചിരിക്കുന്നു. മാനവരാശിയുടെ തുടക്കം മുതൽ ഉണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളിലും ഉപയോഗിച്ചിട്ടുള്ള മുഴുവൻ വാളുകളും കൊണ്ട് ഉണ്ടായിട്ടുള്ളതിനേക്കാൾ കൂടുതൽ നാശനഷ്ടങ്ങളും മുറിവും വേദനയും നാവെന്ന വാൾ ഉണ്ടാക്കിയിട്ടുണ്ട്. തൊടുത്തുവിട്ട അമ്പും ഒഴുകിപ്പോയ വെള്ളവും പറഞ്ഞുപോയ വാക്കും തിരിച്ചെടുക്കാൻ പറ്റുകയില്ല. (തുടരും)



# ക്വോവാദിസ്



***“ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ ദിനന്തോറും തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ” (ലൂക്കോ. 9:23).***

ക്വോവാദിസ്? ഇതൊരു ലത്തീൻ പ്രയോഗമാണ്. സെയിങ്കിവിച്ച് എന്ന പോളീഷ് എഴുത്തുകാരൻ ഈ തലക്കെട്ടിൽ എഴുതിയ പ്രശസ്തമായ പുസ്തകം കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ‘ക്വോവാദിസ്’ എന്ന പ്രയോഗത്തിന് പ്രചുരപ്രചാരം നൽകി. ലോകവ്യാപകമായ അംഗീകാരം ഈ പുസ്തകത്തിനു ലഭിച്ചു. സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് 1905–ൽ സെയിങ്കിവിച്ചിനെ ഈ പുസ്തകം അർഹനാക്കുകയും ചെയ്തു. ഈ പുസ്തകം പിന്നീട് ലോകപ്രശസ്തമായ ഒരു ചലച്ചിത്രമായും തീർന്നു. അപ്പോസ്തലനായ പത്രോസിന്റെ രക്തസാക്ഷി മരണത്തെക്കുറിച്ചുള്ള ഒരു ഐതിഹ്യത്തെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. (*ഫോക്സസ് ബുക്ക് ഓഫ് മാർട്ടിയേഴ്സ്* എന്ന ഗ്രന്ഥത്തിലും ഈ ഐതീഹ്യം ഉൾപ്പെടുത്തിയിട്ടുണ്ട്).

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സുവിശേഷം അന്നത്തെ ലോകത്തിൽ വ്യാപകമായി പ്രചരിച്ചു. പലരും തങ്ങളുടെ ജാതീയമായ വഴികളെ വിട്ട് കർത്താവിന്റെ പാതയിൽ നടക്കുവാൻ തുടങ്ങി. ഈ പുതുവഴി അന്നു നിലവിലിരുന്ന സമൂഹത്തിന്റെ ജീവിതരീതിക്ക് എതിരായിരുന്നു. ഫലം വലിയ പീഡനം ക്രിസ്ത്യാനികൾക്കെതിരെ ഉണ്ടായി. ക്രിസ്ത്യാനികളായ അനേക സ്ത്രീപുരുഷന്മാരും പൈതങ്ങളും തങ്ങളുടെ അരുമനാഥന്റെ കാലടിപ്പാടുകളെ പിൻതുടരാൻ കഴിയുന്നതിലുള്ള സന്തോഷത്തോടെ സധൈര്യം രക്തസാക്ഷികളായി. ക്രിസ്ത്യാനികളെ കൊല്ലുന്നത് ഒരു ദേശീയ വിനോദമായിത്തീർന്നു. റോമൻ കൊളോസിയം (അതിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്) രക്തദാഹികളായ കാഴ്ചക്കാരെക്കൊണ്ടു നിറയുമായിരുന്നു. സന്ധ്യമയങ്ങുമ്പോൾ നടക്കുന്ന ഈ ക്രൂരവിനോദം കാണാനുള്ള വെളിച്ചത്തിനുവേണ്ടി കൊളോസിയത്തിൽ തൂണുകളോടു ചേർത്തു ക്രിസ്ത്യാനികളെ വരിഞ്ഞുകെട്ടി എണ്ണയൊഴിച്ച് പന്തം പോലെ കത്തിച്ചു നിർത്തിയിരുന്നു. കൊളോസിയത്തിലേക്കുള്ള വഴികളിലും വെളിച്ചം കാട്ടുവാൻ ‘ജീവനുള്ള പന്തങ്ങൾ’ എരിഞ്ഞുനിന്നു.



റോമിൽ ക്രിസ്ത്യാനികൾക്കു നേരെ നടന്ന ഈ പീഡനങ്ങളാണു ‘ക്വോവാദിസ്’ എന്ന കഥയുടെ പശ്ചാത്തലം. പീഡനം വന്നപ്പോൾ പ്രായാധിക്യം പരിഗണിച്ചും പത്രോസിനോടുള്ള വിശ്വാസികളുടെ സ്നേഹാദരങ്ങൾ മൂലവും അവർ അദ്ദേഹത്തെ ഒളിപ്പിച്ചു. ഒടുവിൽ ഒരു രാത്രി ഒരു പഴുതു കിട്ടിയപ്പോൾ പത്രോസിനെ രഹസ്യമായി റോമാനഗരത്തിനു പുറത്തു കൊണ്ടുവന്ന ശേഷം ജീവരക്ഷയ്ക്കായി ഓടിപ്പോകാൻ ആവശ്യപ്പെട്ടു. റോമിൽനിന്ന് അകലേക്കു പോകുന്ന വഴിയിലൂടെ പത്രോസ് പലായനം ചെയ്യുമ്പോൾ ഇതാ എതിരെ റോമാനഗരത്തിലേക്ക് യേശുക്രിസ്തു നടന്നു വരുന്നു. പത്രോസ് അമ്പരപ്പോടെ വിളിച്ചു ചോദിച്ചു: ‘ക്വോവാദിസ്?’ (നീ എവിടെ പോകുന്നു). കർത്താവിന്റെ മറുപടി: “എന്റെ വിശുദ്ധന്മാരോടോപ്പം വീണ്ടും ക്രൂശിക്കപ്പെടുവാൻ ഞാൻ റോമിലേക്കു പോകുകയാണ്. അതുകേട്ട പത്രാസ് നേരെ തിരിഞ്ഞു നടന്നു റോമിലെത്തി അവിടെ രക്തസാക്ഷിയായി. അവർ പത്രോസിനെ ക്രൂശിക്കാനായി തുനിഞ്ഞപ്പോൾ തന്റെ ഗുരുവിനേപ്പോലെ ക്രൂശിക്കപ്പെടുവാൻ തനിക്ക് അർഹതയില്ലാത്തതിനാൽ തന്നെ തല കീഴായി ക്രൂശിക്കണമെന്ന് പത്രോസ് ആവശ്യപ്പെട്ടുവത്രെ.

പത്രോസിന്റെ രക്തസാക്ഷിത്വം ഒരത്ഭുതം ആയിരുന്നില്ല. കർത്താവു തന്നെ അതിനെക്കുറിച്ച് പ്രവചിച്ചിരുന്നു: “നീ യൗവനക്കാരനായിരുന്നപ്പോൾ നീ തന്നെ അരകെട്ടി നിനക്ക് ഇഷ്ടമുള്ളയിടത്തേക്കു പോയിരുന്നു. നീ വൃദ്ധനായശേഷമോ, നീ കൈ നീട്ടുകയും മറ്റൊരുവൻ നിന്റെ അര കെട്ടി നിനക്ക് ഇഷ്ടമില്ലാത്തിടത്തേക്കു കൊണ്ടുപോകുകയും ചെയ്യും. അവൻ മരണത്തിൽ ഇങ്ങനെ തന്നെ മഹത്വപ്പെടുത്തുമെന്ന് അവിടുന്നു പറഞ്ഞു. ഇതു പറഞ്ഞശേഷം അവിടുന്ന് അവനോട് ‘എന്നെ അനുഗമിക്ക എന്നു പറഞ്ഞു’ (യോഹന്നാൻ 21:18–19). പത്രോസിന്റെ മാത്രമല്ല അപ്പോസ്തലന്മാരുടേയും എണ്ണമറ്റ അജ്ഞാതരായ ക്രിസ്ത്യാനികളുടേയും രക്തസാക്ഷിത്വത്തെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നുവരെ കൊല്ലപ്പെട്ടവരും ജയിൽ ശിക്ഷ അനുഭവിക്കുന്നവരുമായ ക്രിസ്ത്യാനികളുടെ എണ്ണത്തെക്കുറിച്ചു കണക്കൊന്നുമില്ല. ദശലക്ഷങ്ങളിലാണ് ചിലർ ഇവരുടെ എണ്ണം കണക്കാക്കുന്നത്. ഇവിടെ ഒരു ചോദ്യം അവശേഷിക്കുന്നു. വാസ്തവമായി നിങ്ങൾ യേശുവിനെ അവന്റെ ക്രൂശെടുത്ത് അനുഗമിക്കുമോ?... ഇല്ലെങ്കിൽ കർത്താവു നിന്നോടും ചോദിക്കും: ‘ക്വോവാദിസ്’ (നീ എവിടെ പോകുന്നു?).



# ബാലവേദി

## അറിവില്ലായ്മയ്ക്കു ശിക്ഷ



**സീ**ലൂമിയ എന്ന രാജ്യത്തെ ക്ലോഷ്യസ് രാജാവ് ഒരിക്കൽ കാട്ടിൽ നായാട്ടിനു പോയി. അതിനിടെ കൂട്ടംതെറ്റി രാജാവ് ഒറ്റയ്ക്കായി. വഴിതെറ്റി കുറേ അലഞ്ഞ് ഒടുവിൽ രാജാവ് ഒരുവിധത്തിൽ കാടിനു പുറത്തെത്തി.

പക്ഷേ, അതുകൊണ്ടും പ്രശ്നം തീർന്നില്ല. കൊട്ടാരത്തിലേക്ക് വഴിയറിയണ്ടേ!

ക്ലോഷ്യസ് മുന്നോട്ടു നീങ്ങി. അപ്പോഴതാ, വയലിൽ ഒരു കൃഷിക്കാരൻ പണിയെടുക്കുന്നു. ക്ലോഷ്യസ് പറഞ്ഞു:

"കൊട്ടാരത്തിലേക്കു വഴി പറഞ്ഞുതരൂ."

വയലിൽനിന്നു കയറാതെ കൃഷിക്കാരൻ വഴി പറഞ്ഞുകൊടുത്തു.

ക്ലോഷ്യസിന് മനസ്സിലായി. താൻ ആരാണെന്ന് ഇയാൾക്കു മനസ്സിലായിട്ടില്ല. രാജാവിന് ചെറിയ വിഷമം തോന്നി.

കൊട്ടാരത്തിൽ തിരിച്ചെത്തിയിട്ടും ക്ലോഷ്യസിന്റെ മനസ്സിലെ വല്ലായ്മ വിട്ടുപോയില്ല. സ്വന്തം രാജാവിനെ തിരിച്ചറിയാത്ത പ്രജയോ!

ആലോചിച്ചാലോചിച്ച് ക്ലോഷ്യസിന്റെ ദേഷ്യം കൂടി. അദ്ദേഹം എന്തുചെയ്തെന്നോ? ആ കൃഷിക്കാരനെ വിളിച്ചു വരുത്തി!

സിംഹാസനത്തിൽ രാജാവിനെ കണ്ട കൃഷിക്കാരൻ ഞെട്ടിപ്പോയി. ക്ലോഷ്യസ് പറഞ്ഞു:

"സ്വന്തം രാജാവിനെ തിരിച്ചറിയാത്തതിന് ശിക്ഷയുണ്ട്. ഒരു ദിവസം തടവറയിൽ കിടക്കണം!"

കൃഷിക്കാരൻ ചോദിച്ചു: അങ്ങും അതേ തടവറയിലാണോ കിടക്കുക?"

"ങേ..! നാം തടവറയിലോ!" ക്ലോഷ്യസിന്റെ ദേഷ്യം ഇരട്ടിച്ചു.

"മഹാരാജാവിനെ തിരിച്ചറിയാതിരുന്നതിനാണല്ലോ ഈ ശിക്ഷ. അതായത്, അറിവില്ലായ്മയ്ക്കാണ് ശിക്ഷ. കൊട്ടാരത്തിലേക്ക് വഴി അറിയാത്തതുകൊണ്ടല്ലേ അങ്ങ് അടിയനോടു വഴി ചോദിച്ചത്. അതും അറിവില്ലായ്മ തന്നെയല്ലേ?"

ക്ലോഷ്യസിന് ഉത്തരം മുട്ടി. വലിയ തെറ്റാണ് താൻ ചെയ്തത്! അതും സഹായിച്ച ആളോട്, തന്റെ അഹന്തയാണ് ഇതിനു കാരണം!

ക്ലോഷ്യസ് കൃഷിക്കാരനോടു മാപ്പുചോദിച്ചു. ധാരാളം സമ്മാനങ്ങൾ നൽകുകയും ചെയ്തു.



## ചൈനീസ് ടാക്സ്

ചൈനക്കാരനാണോ? എങ്കിൽ ടാക്സ് നൽകണം! കാനഡയിലാണ് ഈ ഏർപ്പാട് ഉണ്ടായിരുന്നത്. ചൈനക്കാരുടെ വരവ് പരമാവധി ഒഴിവാക്കുന്നതിനായി കാനഡയാണ് ഇങ്ങനെയൊരു നികുതി ഏർപ്പെടുത്തിയത്. 1885-ലാണ് ഇതു നിലവിൽ വന്നത്. ആദ്യം 50 ഡോളറായിരുന്നു ഓരോ ചൈനക്കാരനും അടയ്ക്കേണ്ടത്. പിന്നീട് ഇത് നൂറും അഞ്ഞൂറുമൊക്കെയായി വർധിച്ചു!

## എണ്ണനികുതി


പുരാതന ഈജിപ്തിൽ പാചക എണ്ണയ്ക്ക് ടാക്സുണ്ടായിരുന്നു! നികുതി വെട്ടിക്കാനായി ആളുകൾ എണ്ണ വീണ്ടും വീണ്ടും ഉപയോഗിക്കുന്നുണ്ടോ എന്നറിയാൻ അക്കാലത്ത് അധികൃതർ വീടുകളിൽ പരിശോധന നടത്തുന്നത് പതിവായിരുന്നു.





## ചിമ്മിനി നികുതി

1660 മുതൽ 1689 വരെ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്നതാണ് ചിമ്മിനി നികുതി. വീടിനുള്ളിൽ നെരിപ്പോടും ചിമ്മിനിയുമൊക്കെ ഉണ്ടെങ്കിൽ ടാക്സ് കൊടുക്കണം. ഇതൊഴിവാക്കാൻ അക്കാലത്ത് പലരും ചിമ്മിനി മൂടിയിടുമായിരുന്നു.



## Hats Off!

**നി**ങ്ങൾ എപ്പോഴും കേൾക്കുന്ന ഒരു word ആണല്ലോ Hats Off. It is often used to appreciate or congratulate someone.

After a wonderful dance performance of Krithika on stage, the judge commented like this,

''Wow, my hats off to you Krithika.''

Have your ever thought of the literal meaning of this word? Where does it come from?

Hat എന്ന് വെച്ചാൽ തൊപ്പി. ഈ ഇംഗ്ലീഷുകാർക്ക് തൊപ്പിവെക്കാൻ ഭയങ്കര ഇഷ്ടമായിരുന്നു. പണ്ട് കാലത്ത് സ്ഥിരമായി തൊപ്പിവെക്കുന്നതു അവരുടെ ഒരു ശീലവുമായിരുന്നു. Haven't you noticed the hats of Charlie Chaplin, Winston Churchill and Sherlock Holmes? Be them fictitious or real characters, hats were also the part of their identity. Besides, hats were associated with their social customs and practices.

Removing hats from head was a way of showing respect to someone. മൃതദേഹങ്ങൾക്കു മുൻപിൽ ആദരവ് കാണിക്കാൻ തൊപ്പി ഊരി കയ്യിൽ പിടിക്കുന്ന പൊലീസുകാരെ നിങ്ങളും കണ്ടിട്ടുണ്ടാവും.

It is a gesture to express gratitude, respect, admiration or congratulation.

ഇന്നിപ്പോൾ തൊപ്പി വെക്കുന്ന ശീലമില്ലെങ്കിലും അഭിനന്ദിക്കാനും, ബഹുമാനിക്കാനും ഒക്കെ സാങ്കല്പികമായി hats off to you എന്ന് പറയുന്നു.

## കലഹത്തിന് കാരണം



**ക**ച്ചവടക്കാരനായിരുന്നു രാം സേഠ്. ഒരിക്കൽ ഒരു സന്ന്യാസി രാംസേഠിന്റെ കടയിൽ ഭിക്ഷ യാചിച്ച് എത്തി. സന്ന്യാസിക്ക് അരിയും നാണയങ്ങളുമൊക്കെ കൊടുത്തിട്ട് രാം സേഠ് ചോദിച്ചു: "സ്വാമീ, എനിക്കൊരു സംശയമുണ്ട്. ചോദിക്കട്ടെ?"

"ചോദിച്ചോളൂ!" സന്ന്യാസി പറഞ്ഞു.

"ആളുകൾ തമ്മിൽ എന്തിനാണ് പരസ്പരം വഴക്കുണ്ടാക്കുന്നത്?"

രാം സേഠിന്റെ ചോദ്യം കേട്ട് സന്ന്യാസി ഒന്നും മിണ്ടാതെ അദ്ദേഹത്തിന്റെ മുഖത്ത് നോക്കി കുറച്ചുനേരം നിന്നു. എന്നിട്ട് ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു: "ഞാൻ താങ്കളുടെ അടുത്ത് വന്നത് ഭിക്ഷയ്ക്കുവേണ്ടിയാണ്. അല്ലാതെ തന്റെ മണ്ടൻ ചോദ്യങ്ങൾക്ക് ഉത്തരം പറയാനല്ല."

ഇതുകേട്ട് അമ്പരന്നുപോയ രാം സേഠ് കുപിതനായി സന്ന്യാസിയോട് കയർത്തു: "എടോ, മാന്യമായി സംസാരിക്കണം. എന്റെ കൈയിൽനിന്ന് ഭിക്ഷയും വാങ്ങിയിട്ട് എന്നോട് ഇങ്ങനെയാണോ പറയുന്നത്." പിന്നെയും എന്തെല്ലാമോ രാം സേഠ് സന്ന്യാസിയോട് രോഷത്തോടെ പറഞ്ഞു. എന്നാൽ സന്ന്യാസി ഇതെല്ലാം കേട്ട് ശാന്തനായി നിന്നതേയുള്ളൂ. മറുത്ത് ഒരു വാക്കുപോലും പറഞ്ഞില്ല.

കുറച്ചുനേരം കൂടി എന്തെല്ലാമോ പറഞ്ഞുകഴിഞ്ഞപ്പോൾ രാം സേഠിന്റെ കോപം അല്പം തണുത്തു.

അപ്പോൾ സന്ന്യാസി ചിരിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ താങ്കളോട് മോശമായി പെരുമാറിയപ്പോൾ താങ്കൾക്ക് ദേഷ്യം വന്നില്ലേ? താങ്കൾ എന്നോട് ദേഷ്യപ്പെട്ടപ്പോൾ എനിക്കും ദേഷ്യം വന്നു. ഞാനും താങ്കൾ പറഞ്ഞതിനെല്ലാം മറുപടി അതേപോലെ പറഞ്ഞിരുന്നെങ്കിൽ ഇപ്പോൾ എന്താകുമായിരുന്നു മുട്ടൻ വഴക്കിൽ അത് ചെന്നെത്തും. പോരാത്തതിന് അടിപിടിവരെ ഉണ്ടാകാനും സാധ്യതയുണ്ടായിരുന്നു.

ഒന്ന് നിർത്തിയിട്ട് സന്ന്യാസി തുടർന്നു: "കോപമാണ് എല്ലാ കലഹങ്ങൾക്കും കാരണം. ശാന്തത എല്ലാ വഴക്കുകളും അവസാനിപ്പിക്കുകയും ചെയ്യും."

## വെറുതെ, ഒരു സന്തോഷം

**'ഹ**ലോ, കണക്കു മാഷിന്റെ വീടല്ലേ? അദ്ദേഹം ഉണ്ടോ?'

'ഇല്ല, അദ്ദേഹം ബൈക്കിൽ നിന്നു വീണു കൈയും കാലും ഒടിഞ്ഞ് ആശുപത്രിയിലാണല്ലോ. ആരാ വിളിക്കുന്നത്?'

ഫോൺ വയ്ക്കുന്ന ശബ്ദം.

കുറെ കഴിഞ്ഞു വീണ്ടും 'ഹലോ, കണക്കു മാഷിന്റെ വീടല്ലേ? അദ്ദേഹം ഉണ്ടോ?'

'ഇല്ല, അദ്ദേഹം ബൈക്കിൽ നിന്നു വീണു കൈയും കാലും ഒടിഞ്ഞ് ആശുപത്രിയിലാണല്ലോ. ആരാ?'

ഫോൺ വയ്ക്കുന്ന ശബ്ദം.

ആറേഴുവട്ടം ഇത് ആവർത്തിച്ചു. വീട്ടുകാരിയുടെ ക്ഷമ കെട്ടു.

'നീ ആരാ ചെക്കാ... കുറെ നേരമായി വിളിക്കുന്നു. എന്താ നിന്റെ ഉദ്ദേശ്യം?'

'ആന്റി ഇത് ഞാനാ അപ്പുക്കുട്ടൻ. ആന്റീടെ അങ്ങേരുണ്ടല്ലോ, എന്നും എന്നെ തല്ലും. അങ്ങേരു കൈയും കാലും ഒടിഞ്ഞു കിടക്കുവാണെന്ന് എനിക്കറിയാം. എന്നാലും വീണ്ടും വീണ്ടും അത് കേൾക്കുമ്പോൾ എന്താ ഒരു സുഖം! അതുകൊണ്ടാ വീണ്ടും വീണ്ടും വിളിക്കുന്നത്. എങ്ങനെ? ഒരു മാസമെങ്കിലും കിടക്കുവോ?'

# മാധുര്യമേറിയ തിരുവചനം

തുടർച്ച



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

**നാം** വചനത്തിൽ നിലനിൽക്കുമ്പോൾ വചനമാകുന്ന ജലത്താൽ കർത്താവ് നമ്മെ കഴുകി ശുദ്ധിയാക്കുകയും (എഫേ.6:26; യോഹ. 15:3) ആശ്വസിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ശക്തിപകരുകയും ചെയ്യും. മുലപ്പാൽ കുടിച്ചുകഴിഞ്ഞ് അമ്മയുടെ മാറിൽ ഒരു കുഞ്ഞ് വിശ്രമിക്കുന്നതുപോലെ ദൈവവചനമാകുന്ന മായമില്ലാത്ത പാൽ കുടിച്ച് (1 പത്രൊസ് 2:2) നാം കർത്താവിന്റെ മാറിൽ സ്വസ്ഥമായ വിശ്രമം കണ്ടെത്തും (സങ്കീ.13:1,2) അങ്ങനെ നാം ദൈവശബ്ദത്തോട് പൂർണ്ണഹൃദയത്തോടെ പ്രതികരിക്കുമ്പോൾ വചനം നമ്മുടെ ആത്മാവിനെ പോഷിപ്പിക്കും.

എന്നാൽ വചനം ഇത്തരത്തിൽ നമ്മുടെ ജീവിതത്തിൽ നൂറുമേനി വിളഞ്ഞ് പുതുക്കമുള്ള മന്നയാകേണ്ടതിന്റെ ആദ്യപടിയായി നമുക്ക് കർത്താവിനെ എങ്ങനെ പ്രായോഗിക തലത്തിൽ കേൾക്കുവാൻ കഴിയും. അതിന് കർത്താവിനു നമ്മോടു പറയാനുള്ളത് ശ്രദ്ധിക്കുവാനുള്ള ഒരു അതിയായ വാഞ്ഛ നമുക്കുവേണം. ഉത്തമഗീതത്തിൽ മണവാളനും മണവാട്ടിയും പരസ്പരം കേൾക്കാൻ ആഗ്രഹിക്കുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ടോ? "പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ, നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൗന്ദര്യമുള്ളതും ആകുന്നു" (ഉത്തമ.2:14).

നമുക്ക് ഇതുപോലെയുള്ളൊരു നിർമ്മലമായ പ്രണയബന്ധം കർത്താവുമായുണ്ടോ? നാം കർത്താവിന്റെ ശബ്ദം കേൾക്കുവാനാഗ്രഹിക്കുന്നതിന്റെ എത്രയോ മടങ്ങ്, അവിടുന്നു നമ്മുടെ ശബ്ദം സ്തുതിയിലൂടെയും നന്ദികരേറ്റിലൂടെയും പ്രാർത്ഥനയിലൂടെയും മറ്റും കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കിയിട്ടുണ്ടോ? അതു മനസ്സിലാകുമ്പോൾ ഈ സ്നേഹനാഥന്റെ ഇമ്പസ്വരം കേൾക്കുവാൻ നമ്മുടെ ഉള്ളം ദാഹിക്കുകയില്ലേ? അപ്പോൾ സങ്കീർത്തനക്കാരനോടൊപ്പം നാമും പാടും: "നിന്റെ കല്പനകൾക്കായി വാഞ്ഛിക്കയാൽ ഞാൻ എന്റെ വായ് ആർത്തിയോടെ തുറക്കുന്നു... അടിയന്റെ മേൽ നിന്റെ മുഖം പ്രകാശിപ്പിച്ചു നിന്റെ ചട്ടങ്ങളെ എനിക്ക് ഉപദേശിച്ചു തരേണമേ (സങ്കീ.119:131,147,148,135).

എത്ര മാധുര്യമുള്ള വചനം; അല്ലേ? യേശുവിന്റെ മുഖതേജസ്സിന്റെ വെളിച്ചത്തിലാണ് വചനത്തിൽ മറഞ്ഞുകിടക്കുന്ന നിക്ഷേപങ്ങൾ നാം കണ്ടെത്തുന്നത്. വചനത്തിനു മുമ്പാകെ നമുക്ക് അവശ്യം വേണ്ട മനോഭാവം ഇതല്ലാതെ മറ്റെന്താണ്? വചനത്തെക്കുറിച്ച് കുറേ കാര്യങ്ങൾ ബുദ്ധിയിൽ ഗ്രഹിക്കാനല്ല, മറിച്ച് തന്റെ പ്രാണപ്രിയന്റെ മുഖതേജസ്സ് കൂടുതൽ വ്യക്തമായി വചനമാകുന്ന കണ്ണാടിയിൽ കാണുവാനായിട്ടായിരിക്കണം നാമോരോരുത്തരും വചനത്തിനു മുമ്പിൽ വരേണ്ടത്. വചനം അറിയുകയല്ല, വചനത്തിലൂടെ കർത്താവിനെ അറിയുക എന്നതത്രേ നമ്മുടെ ആവശ്യം. അതിനായി ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും വരങ്ങൾ നമുക്കു കർത്താവിൽ നിന്ന് ചോദിക്കാം (1 കൊരി.12:8).

എമ്മവുസിലേക്കുള്ള ശിഷ്യന്മാർ വഴിമദ്ധ്യേ തിരുവെഴുത്തുകളിൽ നിന്ന് യേശുവിനെക്കുറിച്ച് കേട്ടു. എന്നാൽ വീട്ടിൽ വന്ന് യേശുവുമായി കൂട്ടായ്മയിലായപ്പോഴാണ് അവർ യേശുവിനെ തിരിച്ചറിഞ്ഞത് (ലൂക്കോ.24:27, 29–31).



ദൈവികജ്ഞാനത്തെ മറഞ്ഞുകിടക്കുന്ന നിധിയെന്നവണ്ണം അന്വേഷിക്കണമെന്നാണ് സദൃശവാക്യങ്ങളിൽ നാം വായിക്കുന്നത് ( സദൃ. 2:4; 25:2). "നിന്റെ ന്യായപ്രമാണത്തിലെ അദ്ഭുതങ്ങൾ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കണമേ" (സങ്കീ.119:18, 143:8), "അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു" (1 ശമു. 3:10) എന്നിങ്ങനെയുള്ള പ്രാർത്ഥനയോടെയായിരിക്കണം നാം വചനം വായിക്കേണ്ടത്. കാരണം, കർത്താവിന്റെ വെളിപ്പാട് ജ്ഞാനികളെയും വിവേകികളെയും മറികടന്ന് ശിശുഹൃദയമുള്ളവർക്കാണ് (അഥവാ താഴ്മയും ലാളിത്യവും നിഷ്കളങ്കതയും ആശ്രയബോധവും അറിയാനുള്ള ആഗ്രഹവുമുള്ളവർക്കാണ്) ലഭിക്കുന്നത്.

### വചനത്തിന്റെ ആഴങ്ങളിലൂടെ...

തികഞ്ഞ സ്വസ്ഥതയിൽ ഹൃദയം നിറഞ്ഞ ആരാധനയിലായിരിക്കണം നാം വചനം ധ്യാനിക്കേണ്ടത്. കർത്താവിനോട് പറ്റിച്ചേർന്നിരുന്ന് നാം വചനം സമയമെടുത്ത് വായിച്ച് ആ പ്രത്യേക ഭാഗത്തു പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും സംഭവങ്ങളും ആദ്യം മനസ്സിലാക്കണം. ഇവിടെ നാം നമ്മുടെ ബുദ്ധി (മനസ്സ്) ഉപയോഗിക്കുന്നു. എന്നാൽ അതിൽ ആശ്രയിക്കരുത് (സദൃശ.3:5,6). അങ്ങനെ ഇപ്പോൾ വചനം നമ്മുടെ ദേഹിയുടെ തലത്തിലാണ്.

ആ ഭാഗം തന്നെ നാം കർതൃസന്നിധിയിൽ ധ്യാനിക്കുമ്പോൾ ചില ഭാഗങ്ങളെങ്കിലും നമ്മുടെ ഹൃദയത്തെ പ്രത്യേകമായി സ്പർശിക്കും. യേശുവിന്റെയോ ദൈവമനുഷ്യരുടെയോ ചില സ്വഭാവസവിശേഷതകൾ നാം ആ വചനഭാഗത്ത് ശ്രദ്ധിക്കാനിടയാകും. അങ്ങനെ ക്രിസ്തുവിന്റെ ഹൃദയസൗന്ദര്യം കാണുന്ന നമുക്ക് യോഹന്നാനെയും യെഹെസ്കേലിനെയും പോലെ തിരുവചനം വായിൽ തേൻപോലെ മധുരിക്കും (വെളി. 10:10; യെഹ.3:3). അതിനായി വചനമാകുന്ന കണ്ണാടിയിൽ പ്രതിബിംബിക്കുന്ന ക്രിസ്തുവിന്റെ മുഖതേജസ്സിനെ നാം ഉറ്റുനോക്കേണ്ടിയിരിക്കുന്നു (2 കൊരി 3:18; യാക്കോ.1:23–25).

"എന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ വചനത്തിലൂടെ അങ്ങയ്ക്ക് എന്നോടു എന്താണ് പറയാനുള്ളത്?" എന്നു നാം ഹൃദയംഗമമായി സ്നേഹനാഥനോടു ചോദി



# ദൈവഭക്തിയുടെ മർമ്മം



**ദൈ**വത്തിന് ഇന്നു താഴെപ്പറയുന്ന യോഗ്യതകളുള്ള ആളുകളെ ആവശ്യമുണ്ട്. ദിനംപ്രതി തന്റെ മുമ്പാകെ നിന്ന് തന്റെ ശബ്ദം കേൾക്കുന്നവർ.

ദൈവത്തെയല്ലാതെ മറ്റാരെയും മറ്റൊന്നിനെയും ആഗ്രഹിക്കാത്തവർ.

ദൈവത്തോടുള്ള ഉറ്റ സ്നേഹം നിമിത്തം തങ്ങളുടെ എല്ലാ വഴികളിലും സകലവിധ പാപത്തെയും വെറുക്കുന്നവർ: നീതിയെയും സത്യത്തെയും സ്നേഹിക്കുന്നവർ.

കോപത്തെയും പാപകരമായ ലൈംഗികചിന്തകളെയും ജയിച്ചവരും തങ്ങളുടെ ചിന്തയിലോ മനോഭാവത്തിലോ പാപം ചെയ്യാനിടയാകുന്നതിനെക്കാൾ മരണമാണ് കൂടുതൽ അഭികാമ്യമെന്ന് കരുതുന്നവരുമായ ആളുകൾ.

ദിനംതോറും തങ്ങളുടെ ക്രൂശെടുത്തുകൊണ്ട് പൂർണ്ണതയിലേക്കു മുന്നേറുന്നവർ; ഭയത്തോടും വിറയലോടും കൂടി സ്വന്തരക്ഷയ്ക്കായി പ്രവർത്തിക്കുന്നവർ.



പരിശുദ്ധാത്മാവിനാൽ നിറഞ്ഞവർ, എത്ര വലിയ പ്രകോപനമുണ്ടായാലും മറ്റൊരു വ്യക്തിയുടെ നേരേ സ്നേഹശൂന്യമായ ഒരു മനോഭാവം കൈക്കൊള്ളാത്തവിധം ദൈവസ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവർ.

മനുഷ്യരുടെ പ്രശംസയോ ആത്മീയ പുരോഗതിയോ ദൈവത്താൽ അംഗീകരിക്കപ്പെട്ട ശുശ്രൂഷയോ മറ്റെന്തു തന്നെയോ ലഭിച്ചാലും തങ്ങൾ എല്ലാ വിശുദ്ധന്മാരിലും ഏറ്റവും ചെറിയവരാണെന്നുള്ള ബോധം കൈവിടാതെ താഴ്മയിൽത്തന്നെ അടിയുറച്ചു നില്ക്കുന്നവർ.

ദൈവവചനത്തിലൂടെ ദൈവസ്വഭാവത്തെക്കുറിച്ചും ഈ ലോകത്തിൽ ദൈവത്തിനു സാധിക്കുവാനുള്ള ലക്ഷ്യങ്ങളെക്കുറിച്ചും മനസ്സിലാക്കിയിട്ടുള്ളവർ, ഏറ്റവും ചെറിയ കല്പനകളിൽപ്പോലും അനുസരണക്കേടു കാണിക്കുകയോ അവ മറ്റുള്ളവരെ പഠിപ്പിക്കുന്നതിൽ ഉപേക്ഷ വിചാരിക്കുകയോ ചെയ്യാതെ ദൈവവചനത്തിന്റെ മുമ്പിൽ വിറയ്ക്കുന്നവർ.

ദൈവത്തിന്റെ മുഴുവൻ ആലോചനയും മറ്റുള്ളവരെ അറിയിക്കയും മതപരമായ വേശ്യാവൃത്തിയെയും വചനവിരുദ്ധമായ മാനുഷികപാരമ്പര്യങ്ങളെയും വെളിച്ചത്തു കൊണ്ടുവരികയും ചെയ്യുന്നവർ.

ദൈവഭക്തിയുടെ മർമ്മത്തെപ്പറ്റി ജഡത്തിൽ വെളിപ്പെടുകയും തന്റെ ജഡത്തിലൂടെ ജീവനുള്ള പുതുവഴി തുറക്കുകയും ചെയ്തതിനെപ്പറ്റി പരിശുദ്ധാത്മാവിലൂടെ വെളിപ്പാടു പ്രാപിച്ചവർ.

തീക്ഷ്ണതയോടും സ്ഥിരചിത്തതയോടും കൂടി അധ്വാനിക്കുന്നവർ; ആത്മശിക്ഷണത്തോടും ക്ലേശസഹിഷ്ണുതയോടുംകൂടെ ജീവിക്കുന്നവർ. പാഴ്വേലകൾക്കായി തങ്ങളുടെ സമയമോ പ്രയോജനമില്ലാത്ത വസ്തുക്കൾക്കായി പണമോ ദുർവ്യയം ചെയ്യാത്തവർ.

മനുഷ്യരുടെ പരിഹാസം, ഉപദ്രവം, വ്യാജമായ കുറ്റാരോപണം, രോഗം, ദാരിദ്ര്യം, സ്വജനങ്ങളുടെ വൈരം, മതനേതാക്കളിൽ നിന്നുള്ള പീഡനം എന്നീ കഷ്ടതകളുടെ തീച്ചൂളയിൽക്കൂടി കടന്നും ദൈവത്താൽ ആ വിധം ശോധന ചെയ്യപ്പെട്ടും കൊള്ളാവുന്നവരായി തെളിഞ്ഞവർ.

തങ്ങൾ തന്നെ പാപികളിൽ പ്രധാനികളെന്നറികയാൽ നികൃഷ്ട പാപികളോടും ഒന്നിനും കൊള്ളരുതാത്ത വിശ്വാസികളോടും സഹതാപം കാണിപ്പാൻ കഴിയുന്ന കരുണാപൂർണ്ണന്മാർ.

ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠപ്പെടാതെയും സാത്താനെയോ ദുഷ്ടജനങ്ങളെയോ മറ്റെന്തിനെയെങ്കിലുമോ ഭയപ്പെടാതെയും തങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിന്റെ സ്നേഹം മൂലമുള്ള പൂർണ്ണ സുരക്ഷിതബോധത്തിൽ ഉറച്ചുനിൽക്കുന്നവർ.

എല്ലാ കാര്യങ്ങളിലും തങ്ങളുടെ പരമമായ നന്മയ്ക്കായി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന വിശ്വാസം മൂലം ദൈവത്തിലുള്ള സ്വസ്ഥതയിൽ പ്രവേശിച്ചവർ. തന്മൂലം എല്ലാ മനുഷ്യർക്കും എല്ലാ വസ്തുക്കൾക്കും സാഹചര്യങ്ങൾക്കുമായി എല്ലായ്പ്പോഴും ദൈവത്തെ സ്തുതിക്കുന്നവർ.

ദൈവത്തിൽ മാത്രം സന്തുഷ്ടി കണ്ടെത്തുകയാൽ എല്ലാ അസന്തുഷ്ടിയെയും ജയിച്ച് സന്തോഷപരിപൂർണ്ണരായി ജീവിക്കുന്നവർ. തങ്ങളിലോ തങ്ങളുടെ പ്രകൃതിസിദ്ധമായ കഴിവുകളിലോ ആശ്രയിക്കാതെ എല്ലാ സാഹചര്യങ്ങളിലും എല്ലാറ്റിനും മതിയായ ദൈവത്തിൽ പൂർണ്ണാശ്രയം വച്ചുകൊണ്ട് സജീവമായ വിശ്വാസം മുറുകെപ്പിടിക്കുന്നവർ.

സ്വന്ത വിവേകത്തെയും യുക്തിബോധത്തെയും പിന്തുടരാതെ പരിശുദ്ധാത്മാവു കാണിച്ചുതരുന്ന വഴിയിലൂടെ മാത്രം സഞ്ചരിക്കുന്നവർ.

കർത്താവായ യേശുക്രിസ്തുവിനാൽ തന്നെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേറ്റവർ, പകരം വ്യാജമായ വികാരാവേശത്താലോ ദൈവശാസ്ത്രപരമായ വാദഗതികളാലോ കബളിപ്പിക്കപ്പെടാത്തവർ.

നിരന്തരമായ പരിശുദ്ധാത്മാഭിഷേകത്തിൽ ജീവിക്കുന്നവർ; ആ പരിശുദ്ധാത്മാവു നൽകുന്ന പ്രകൃതീതമായ കൃപാവരങ്ങളിൽ സമ്പന്നർ.

ക്രിസ്തുവിന്റെ ശരീരമായ സഭയെപ്പറ്റി ദൈവിക വെളിപ്പാടു ലഭിക്കുകമൂലം ഏതെങ്കിലും മതസമൂഹത്തിന്റെയോ സഭാവിഭാഗമെന്നറിയപ്പെടുന്ന സംഘടനയുടേയോ ഭാഗമാകാതെ ആ യഥാർത്ഥ സഭയെ പണിതുയർത്തുവാൻ വേണ്ടി തങ്ങളുടെ എല്ലാ കഴിവുകളും ഭൗതിക സമ്പത്തുകളും ആത്മീയവരങ്ങളും വിനിയോഗിക്കുന്നവർ.

പരിശുദ്ധാത്മ സഹായത്താൽ സ്വന്ത നാവിനു കടിഞ്ഞാണിടുവാൻ ശീലിച്ചവർ; ഇപ്പോൾ അതേ നാവു തന്നെ ദൈവവചനം കൊണ്ട് ജ്വലിക്കുമാറ് രൂപാന്തരം പ്രാപിച്ചവർ. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



തുടർച്ച

മൃതനാണ് എന്നു പറഞ്ഞെങ്കിലും ഇനിയും പൂർണ്ണമായും മരിച്ചിട്ടില്ലാത്ത ചിലതൊക്കെ ഈ സഭയിൽ അവശേഷിച്ചിട്ടുണ്ട് - നാമമാത്ര ക്രിസ്ത്യാനികളിലും ക്രിസ്തുവിന്റെ ചൈതന്യം ഒളിഞ്ഞുകിടക്കുന്നതുപോലെ. അവ എന്തൊക്കെയാണെന്നു വിശദീകരിക്കുന്നതിനു പകരം എന്താണ് അടിയന്തിരമായി ചെയ്യേണ്ടത് എന്നു ക്രിസ്തു നിർദ്ദേശിക്കുന്നു.

**3:3,** മൂന്നു കാര്യങ്ങളാണ് ഇവിടെ ആവശ്യപ്പെടുന്നത്. 1. കേട്ടത് അനുസ്മരിക്കുക. 2. സ്വീകരിച്ചതു കാത്തുസൂക്ഷിക്കുക. 3. മനസ്സു തിരിയുക. സുവിശേഷപ്രഘോഷണത്തിലൂടെ ലഭിച്ച വിശ്വാസമാണ് സഭ കാത്തുസൂക്ഷിക്കേണ്ടത്. സമൂലമായ മനഃപരിവർത്തനത്തിലൂടെ മാത്രമേ ഇതു സാധ്യമാകൂ. അനുസ്മരിക്കുക, കാത്തുസൂക്ഷിക്കുക എന്ന രണ്ടു കല്പനകളും ഗ്രീക്കിൽ വർത്തമാനകാലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. സുവിശേഷം സ്വീകരിച്ച ആദ്യകാലത്തെ നിരന്തരം അനുസ്മരിക്കണം. യേശുവിനെ ആദ്യമായി കണ്ടുമുട്ടിയ നിമിഷത്തിന്റെ നിർവൃതിദായകമായ സ്മരണ ഒരിക്കലും മാഞ്ഞുപോകാൻ അനുവദിക്കരുത്. വിശ്വാസം കാത്തുസൂക്ഷിക്കുക എന്നതും നിരന്തരമായൊരു പ്രക്രിയയാണ്. എന്നാൽ മനസുതിരിയുക എന്ന ക്രിയയ്ക്ക് ഭൂതകാലം (aorist) ആണ് നല്കിയിരിക്കുന്നത്. ഒരിക്കൽ മാത്രം ചെയ്യേണ്ട പ്രവൃത്തിയാണിത്. തെറ്റായ വഴിയിൽ നിന്നും പിന്തിരിയാൻ എന്നേക്കുമായി എടുക്കുന്ന ദൃഢമായ തീരുമാനത്തെ ഇതു സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രമാണങ്ങൾ അനുസരിക്കുന്നതിൽ സദാ ജാഗ്രത പാലിക്കുന്നതിലൂടെ ഈ തീരുമാനം വ്യക്തികളുടെയും സഭാസമൂഹത്തിന്റെയും അനുദിനജീവിതത്തിൽ പ്രകടമാകണം.

ഭീഷണമായൊരു താക്കീത് ഈ കല്പനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. കള്ളനെപ്പോലെ വരും എന്നതു മനസ്സിലാക്കാൻ സർദിസുകാർക്കു പ്രയാസമില്ല. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ തന്നെ വാക്കുകളാണിത് (മത്താ 24:43), അന്തിമ വിധിയ്ക്കായുള്ള മനുഷ്യപുത്രന്റെ വരവിനെ സൂചിപ്പിക്കാൻ ഇതേ ഉദാഹരണം വി. പൗലോസും (1 തെസ. 5:4) വി. പത്രോസും (2 പത്രോ 3:10) ഉപയോഗിക്കുന്നുണ്ട്. ഇവിടെ ലോകാവസാനവും അന്തിമ വിധിയും സൂചിപ്പിക്കപ്പെടുന്നു.

**3:4,** തികച്ചും നിരാശാജനകമായ ഈ ചിത്രത്തിൽ പ്രതീക്ഷയുടെ രജതരേഖ വരയ്ക്കുന്ന വാക്യമാണിത്. പാപത്തിനധീനമായ സമൂഹത്തിൽ നിന്ന് നീതിമാന്മാരായ ചുരുക്കം പേര് അവശേഷിച്ചിരിക്കുന്നു എന്ന വാർത്ത ആശ്വാസവും പ്രത്യാശയും നല്കുന്നു. വസ്ത്രം മലിനമാക്കാതെ വിശുദ്ധി കാത്തുസൂക്ഷിച്ചവരെയാണിത് സൂചിപ്പിക്കുന്നത്.

**3:5,** വിശ്വസ്തരായി നിലനില്ക്കുന്നവർക്ക് നല്കുന്ന സമ്മാനം ഇതിനുപുറമേ മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു.

**1. വെള്ളവസ്ത്രം ധരിപ്പിക്കും:**

ചളിപുരണ്ട വസ്ത്രവുമായി ആരും ദേവാലയത്തിൽ പ്രവേശിക്കാൻ പാടില്ല എന്ന് പുരാതന മതങ്ങൾക്കു നിർബന്ധമുണ്ടായിരുന്നു. ദൈവസന്നിധിയിൽ പ്രവേശിക്കാനുള്ള അർഹതയും അവകാശവും സൂചിപ്പിക്കുന്നതാണ് ഈ വെള്ളവസ്ത്രം. അതോടൊപ്പം ദൈവിക വാഗ്ദാനം കാത്തു പരിപാലിച്ചവർക്കു ക്രിസ്തുനാഥൻ നല്കുന്ന പ്രശംസയും സമ്മാനവുമായി ഇതിനെ പരിഗണിക്കാം. കാരണം വെള്ളനിറം ദൈവികത, വിജയം, വിശുദ്ധി എന്നിവയെ സൂചിപ്പിക്കുന്നു. എന്റെകൂടെ നടക്കും - പറുദീസായിൽ ആദിമ മനുഷ്യൻ ദൈവത്തോടൊന്നിച്ചു നടന്നിരുന്നു (ഉല്പ 3:8). പേർഷ്യൻ ചക്രവർത്തിമാരുടെ ഉദ്യാനം പറുദീസ എന്നറിയപ്പെട്ടിരുന്നു. ചക്രവർത്തി വിശ്വസ്ത സേവകരോടൊപ്പം തന്റെ ഉദ്യാനത്തിൽ ഉലാത്തിയിരുന്നതിൽ നിന്നാവണം ഈ ചിത്രം രൂപംകൊണ്ടത്.

**2. ജീവന്റെ പുസ്തകം:**


ദൈവജനത്തിന്റെ അംഗത്വത്തെ സൂചിപ്പിക്കുന്നു (പുറ. 32:32-33; സങ്കീ. 69:28; എസെ. 13:9; ദാനി. 12:1). പുരാതനകാലത്ത് രാജാക്കന്മാർ തങ്ങളുടെ പ്രജകളുടെ പേരെഴുതിയ പട്ടികകൾ സൂക്ഷിച്ചിരുന്നു. ഒരാൾ മരിക്കുകയോ കഠിനമായ കുറ്റത്തിനു ശിക്ഷിക്കപ്പെടുകയോ ചെയ്യുമ്പോൾ അയാളുടെ പേര് പട്ടികയിൽ നിന്ന് നീക്കം ചെയ്യും. മേലിൽ അയാൾ ആ രാജ്യത്തെ പ്രജയല്ല. പേരു വെട്ടുക എന്ന പ്രയോഗം മലയാളത്തിലുമുണ്ടല്ലോ. വിശ്വസ്തർക്ക് ദൈവത്തിന്റെ രാജ്യത്തിൽ അംഗത്വവും അവകാശവും ലഭിക്കും എന്ന സൂചനയാണ് ഈ വാഗ്ദാനം നല്കുന്നത്.

**3. ഏറ്റുപറയും:**

ദൈവിക ന്യായാസനത്തിന്റെ ചിത്രമാണ് ഇതിന്റെ പശ്ചാത്തലം. ഭൂമിയിൽ തന്നെ ഏറ്റുപറയുന്നവരെ ക്രിസ്തു സ്വർഗ്ഗത്തിൽ ഏറ്റുപറയും എന്ന വാഗ്ദാനം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 10:32). തന്നോടു വിശ്വസ്തത പാലിക്കുന്നവനോട് ക്രിസ്തുവും വിശ്വസ്തനായിരിക്കും. അവർ തനിക്കുള്ളവരാണ് എന്ന് പരസ്യമായി പ്രഖ്യാപിക്കും. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം



തുടർച്ച

പുതിയനിയമത്തിലെ ഇരുപത്തൊന്നു പുസ്തകങ്ങൾ ലേഖനങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രാദേശിക സഭയ്ക്ക് എഴുതിയ ലേഖനങ്ങളുണ്ട്, ആഗോള സഭയ്ക്കായി എഴുതപ്പെട്ട ലേഖനങ്ങളുമുണ്ട്. സഭയുടെ ആനുകാലിക പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ട് വിശ്വാസസത്യങ്ങൾ വിശദീകരിക്കുകയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രശ്നങ്ങളെ നേരിടാൻ പ്രചോദനം നല്കുകയുമാണ് ലേഖനങ്ങൾ ചെയ്യുക. അഭിസംബോധന, ആശംസകൾ, പ്രശംസകൾ, ഉപദേശങ്ങൾ, താക്കീതുകൾ, സമാപനാശംസ ആശീർവാദം, എന്നിവയാണ് ലേഖനങ്ങളിൽ പൊതുവേ കാണുക. ലേഖന കർത്താവിന്റെ അവസ്ഥയെക്കുറിച്ചുള്ള പരാമർശങ്ങളും ലേഖനം സ്വീകരിക്കുന്നവരെക്കുറിച്ചുള്ള ഉൽകണ്ഠകളും ഇവയിൽ കാണാം.

ഏഷ്യയിലെ ഏഴു സഭകൾക്കുള്ള ലേഖനമായിട്ടാണ് വെളിപ്പാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. ആ സഭകളുമായി അടുത്ത ബന്ധവും സഭകളുടെമേൽ അധികാരവും ഉള്ള ആളാണ് യോഹന്നാൻ എന്ന് പുസ്തകത്തിൽ നിന്നു വ്യക്തമാകും. ഓരോ സഭയുടെയും പ്രത്യേക അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനറിവുണ്ട്. ഓരോ സഭയ്ക്കും വേണ്ട പ്രത്യേക നിർദ്ദേശങ്ങളും അദ്ദേഹം നല്കുന്നു. യേശുക്രിസ്തുവിന്റെ അധികാരത്തോടെയാണ് ലേഖകൻ എഴുതുന്നത്. ആദ്യത്തെ മൂന്ന് അധ്യായങ്ങളിലും അവസാനത്തെ അധ്യായത്തിലും മാത്രമേ ഇടയലേഖനത്തിന്റെ ശൈലി സ്വീകരിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധേയമത്രേ. തന്നെയുമല്ല, ഏഴ് എന്നത് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യ ആയതിനാൽ പീഡനത്തിനു വിധേയമാകുന്ന ആഗോളസഭയെ ലക്ഷ്യം വച്ചുകൊണ്ടാണ് വെളിപ്പാടു പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് എന്നു മനസ്സിലാക്കാം

## 4. ആരാധനാ രൂപം (liturgy)

ലിറ്റർജിയുമായി ബന്ധപ്പെട്ട പല പ്രതീകങ്ങളും ശൈലീവിശേഷങ്ങളും വെളിപ്പാടു പുസ്തകത്തിൽ കാണാം. കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാട്, ബലിപീഠം, അഗ്നി, ധൂപം മുതലായവ ആരാധനയുമായി ബന്ധപ്പെട്ട പ്രതീകങ്ങളാണ്. സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന ശ്രേഷ്ഠന്മാർ, ദൈവത്തിനു സ്തുതി പാടുന്ന ജീവികൾ, കീർത്തനങ്ങളാലപിക്കുന്ന വിശുദ്ധർ, പലതവണ ആവർത്തിക്കപ്പെടുന്ന ദൈവസ്തുതികൾ (doxology) ഇവയെല്ലാം ഒരു ആരാധനക്രമത്തിന്റെ പ്രതീതിയാണു നല്കുക. ജറുസലെം ദേവാലയത്തിൽ നടന്നിരുന്ന ആരാധനക്രമത്തിന്റെയോ അല്ലെങ്കിൽ ക്രിസ്തീയ സമൂഹങ്ങളിലെ പെസഹാഘോഷത്തിന്റെയോ ചുവടുപിടിച്ചാണ് വെളിപ്പാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത് എന്നു കരുതുന്നവരുണ്ട്.

പ്രതീകങ്ങളും യാചനാ-സ്തുതി-പ്രാർത്ഥനകളും ഏറെയുണ്ടെങ്കിലും പുസ്തകം മുഴുവൻ ഒരു ലിറ്റർജിയാണെന്നു പറയാനാവില്ല. അതേസമയം ലിറ്റർജിയുടെ സ്വാധീനം അംഗീകരിക്കുകയും വേണം. സ്വർഗ്ഗീയ ലിറ്റർജിയാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധേയമത്രേ. ഭൂവാസികളായ മനുഷ്യർക്ക് അതിൽ പങ്കുചേരാനാവില്ല. സ്വർഗ്ഗത്തിൽ തുറന്ന ഒരു വാതിലിലൂടെ കാണാൻ മാത്രമേ ഗ്രന്ഥകാരനും വായനക്കാർക്കും കഴിയുന്നുള്ളൂ. ഭൂവാസികളുടെ പ്രാർത്ഥനകൾ ദൈവദൂതന്മാരാണ് സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സമർപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദേശങ്ങളും അവർ തന്നെ മനുഷ്യന് എത്തിച്ചുകൊടുക്കുന്നു. മരണത്തിന്മേൽ വിജയം വരിച്ചവർക്കു മാത്രമേ ഈ സ്വർഗ്ഗീയാരാധനയിൽ പങ്കുചേരാൻ കഴിയൂ. ദൈവത്തിന്റെ വസതിയും അവിടെ അവിരാമം നടക്കുന്ന സ്വർഗ്ഗീയാരാധനയുമായി തുലനം ചെയ്യുമ്പോൾ റോമാചക്രവർത്തിയുടെ കൊട്ടാരവും സദസ്സും ആരാധനയും ഒക്കെ എത്ര നിഷ്പ്രഭമാണെന്ന് വിശ്വാസികളെ ഗ്രന്ഥകാരൻ ബോധ്യപ്പെടുത്തുന്നു. വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കാനും മരിക്കാനും ക്രിസ്ത്യാനികളെ സന്നദ്ധരാക്കുന്നതിനുവേണ്ടിയാണ് ഈ സാഹിത്യരൂപം ഉപയോഗിക്കുന്നത് എന്നു കരുതാം.

## 5. നാടകം

വെളിപ്പാടു പുസ്തകം മുഴുവൻ ഒരു വലിയ നാടകത്തിന്റെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും കരുതുന്നവരുണ്ട്. പ്രപഞ്ചമാണ് വേദി; നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ് പ്രമേയം. ദൈവവും കുഞ്ഞാടും ദൂതന്മാരും ക്രിസ്തുവിന്റെ സഭയും ഒരു വശത്ത്; സാത്താനും അവന്റെ സേവകരായ പിശാചുക്കളും ഉപകരണങ്ങളായ സാമ്രാജ്യശക്തികളും മറുവശത്ത്. വിഭാവനം ചെയ്യാവുന്നതിൽ ഏറ്റം വിശാലമായ വേദിയും ഇതിവൃത്തവും കഥാപാത്രങ്ങളുമാണ് അവതരിപ്പിക്കപ്പെടുന്നത്. ഏഴ് അങ്കങ്ങളും ഓരോ അങ്കത്തിലും ഏഴു രംഗങ്ങളും ഉള്ള ഒരു വലിയ നാടകമായി ചില ബൈബിൾ പണ്ഡിതന്മാർ വെളിപ്പാടു പുസ്തകത്തെ കാണുന്നു.

വൈവിധ്യമാർന്ന രംഗങ്ങൾ, കഥാപാത്രങ്ങൾ, സംഘർഷങ്ങൾ, വീർപ്പുമുട്ടിക്കുന്ന നാടകീയ മുഹൂർത്തങ്ങൾ ഇവയെല്ലാം വെളിപ്പാടു പുസ്തകത്തിന്റെ പ്രത്യേകതകൾ തന്നെ. തിന്മയുടെ ഉന്മൂലനവും നന്മയുടെ സമ്പൂർണ്ണ സംസ്ഥാപനവും എന്ന അന്ത്യത്തിലേക്കാണ് ഗ്രന്ഥം വളരെ വേഗം നീങ്ങുന്നത്. ഉത്ഥിതനായ മനുഷ്യപുത്രന്റെ ദർശനത്തോടെ ആരംഭിക്കുന്ന സംഭവപരമ്പര സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങി വരുന്നതോടെയാണ് പരിസമാപ്തിയിലെത്തുക. എന്നാലും നാടകം എന്ന നിലയിൽ ഒരു വിശ്വാസിക്ക് വെളിപ്പാടു പുസ്തകത്തെ കാണാനാവില്ല.

മേൽ വിവരിച്ച എല്ലാ സാഹിത്യരൂപങ്ങളുടെയും സ്വാധീനം ഈ ഗ്രന്ഥത്തിലുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് അപ്പോകലിപ്റ്റിക് സാഹിത്യരൂപമാണെന്നു സമ്മതിച്ചേ മതിയാവൂ. പുസ്തകം വ്യാഖ്യാനിക്കുമ്പോൾ വിവിധ സാഹിത്യരൂപങ്ങളുടെ സ്വാധീനം കണക്കിലെടുക്കാതെ എല്ലാം വാച്യാർത്ഥത്തിൽ എടുത്താൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥവും ഗ്രന്ഥം നല്കുന്ന രക്ഷാകരസന്ദേശവും ഗ്രഹിക്കാൻ കഴിയാതെ പോകും.

## 3. പ്രതീകങ്ങൾ

ഈ ലോകത്തിന്റെ അധികാരിയായ സാത്താനെതിരേ ദൈവം നടപ്പാക്കുന്ന ശിക്ഷാവിധിയുടെ ചിത്രമാണ് വെളിപ്പാടു പുസ്തകം വരച്ചു കാട്ടുന്നത്. സാത്താനും അവന്റെ അനുയായികളും ദൈവത്തിനും അവിടുത്തെ ജനത്തിനും എതിരേ നടത്തുന്ന യുദ്ധമായി മതപീഡനങ്ങളെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. രണ്ടു രാജ്യങ്ങൾ പരസ്പരം ജീവന്മരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള ഈ യുദ്ധം പ്രപഞ്ചത്തെ മുഴുവൻ ഗ്രസിക്കുന്നതാണ്. പ്രതീകങ്ങളിലൂടെ മാത്രമേ ഇതിനെ വിവരിക്കാൻ കഴിയൂ. പഴയനിയമത്തിലും വെളിപ്പാടു സാഹിത്യകൃതികളിലും പൊതുവേ ഉപയോഗിക്കപ്പെട്ടിരുന്ന ഈ പ്രതീകങ്ങൾ അന്നത്തെ വായനക്കാർക്കു സുപരിചിതങ്ങളായിരുന്നെങ്കിലും ഇന്ന് അവയിൽ പലതിന്റെയും അർത്ഥം ഗ്രഹിക്കുക എളുപ്പമല്ല. (തുടരും)




# ശാസ്ത്രവും വിശ്വാസവും

ശാസ്ത്രലോകം കഴിഞ്ഞ അൻപതു വർഷത്തിനിടയിൽ അത്ഭുതാവഹമായ വളർച്ചയാണ് നേടിയിട്ടുള്ളത്. വിദ്യാഭ്യാസ-ഗവേഷണ പ്രക്രിയയിലൂടെ നേടിയെടുത്തതും വളർത്തിയെടുത്തതുമായ ശാസ്ത്ര സത്യങ്ങളും വിവരസാങ്കേതിക വിദ്യകളുമാണ് മനുഷ്യന്റെ ഭൗതിക, സാമൂഹിക വളർച്ചയുടെ അടിസ്ഥാനം. വികസിത രാജ്യങ്ങൾ ശാസ്ത്ര തത്വങ്ങൾ തിരിച്ചറിഞ്ഞ് അമ്പരപ്പിക്കുന്ന നേട്ടങ്ങൾ കൈവരിച്ച് അവരുടെ ജീവിതം കൂടുതൽ സുഖപ്രദമാക്കാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഭാരതം ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിൽ, ഈ ശാസ്ത്രയുഗത്തിൽ പ്പോലും അന്ധവിശ്വാസങ്ങളും, മന്ത്രവാദവും, ആഭിചാരക്രിയകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

കൺമുൻപിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ശാസ്ത്രീയ സത്യങ്ങളെക്കാൾ ചില വിശ്വാസങ്ങൾ മനുഷ്യമനസ്സുകളെ സ്വാധീനിക്കുന്നുണ്ടെങ്കിൽ അതിനു കാരണം തെറ്റും ശരിയും വിവേചിച്ചറിയാനുള്ള ശാസ്ത്രീയ അടിത്തറ വിദ്യാഭ്യാസ പ്രക്രിയയിലൂടെ സ്വായത്തമാക്കിയിട്ടില്ല, മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ വേണ്ട മതവിശ്വാസം നേടിയിട്ടില്ല എന്നതൊക്കെ തന്നെയാണ്.



പൂർവികർ തങ്ങളുടെ ജീവിത അനുഭവങ്ങളിൽ നിന്നും നേടിയ അറിവുകളും (actical Knege) ഒപ്പം തിരിച്ചറിവുകളും വിദ്യാഭ്യാസമെന്ന പ്രക്രിയയിലൂടെ പിൻതലമുറയ്ക്ക് പകർന്നു നൽകിയതിന്റെ ഫലമായാണ് ഇന്നു കാണപ്പെടുന്ന രീതിയിലുള്ള ഒരു മാനവികസംസ്കാരം ഇവിടെ രൂപപ്പെട്ടത്. മനുഷ്യൻ അനുഭവിച്ചും തിരിച്ചറിഞ്ഞും നേടിയിട്ടുള്ള അറിവുകളെയാണ് ശാസ്ത്രം (Science) എന്ന് വിശേഷിപ്പിക്കുന്നത്. ഒരു വ്യക്തിക്കു മാത്രം മനസ്സിലാക്കാനോ അനുഭവിക്കാനോ സാധിക്കുന്നതല്ല ശാസ്ത്രീയ അറിവുകൾ, മറിച്ച് ഏതു സാഹചര്യത്തിലാണോ ഒരു വ്യക്തി അറിവ് നേടിയത് അതേ സാഹചര്യത്തിൽ കൂടി മറ്റുള്ളവരും കടന്നുപോകുമ്പോൾ അക്കാര്യം അതേ രീതിയിൽ അവർക്കും അനുഭവിക്കാനോ, മനസ്സിലാക്കാനോ സാധിച്ചാൽ മാത്രമേ അത് അറിവ് ആയി കണക്കാക്കപ്പെടുകയുള്ളൂ. അതായത്, ശാസ്ത്രീയ അറിവുകളെ ആർക്കും പരീക്ഷിച്ചും നിരീക്ഷിച്ചും വിശകലനം ചെയ്തും ബോധ്യപ്പെടാൻ സാധിക്കും. ഇത്തരത്തിൽ തെളിവുകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ കാര്യങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കുമ്പോഴാണ് അത് യുക്തിപരമായ അറിവായി മാറുന്നത്.

ശാസ്ത്രീയമായി വിവരിക്കാൻ സാധിക്കാത്ത തരത്തിലുള്ള അനുഭവങ്ങളോ, അറിവുകളോ ഒരു വ്യക്തിക്കോ, സമൂഹത്തിനോ ഉണ്ടായാൽ അതിനെയാണ് വിശ്വാസം എന്നു പറയുന്നത്. അത്തരം അനുഭവങ്ങളെ തെളിവുകൾ കൊണ്ട് സാധൂകരിക്കാൻ സാധിച്ചു എന്ന് വരില്ല.

എല്ലാ വിശ്വാസങ്ങളെയും തെറ്റായി ചിത്രികരിക്കാൻ പാടില്ല. അത്തരം വിശ്വാസങ്ങൾ പിന്തുടരുന്ന വ്യക്തികൾക്കോ, സമൂഹത്തിനോ, ആത്മവിശ്വാസവും സംതൃപ്തിയും ആത്മബലവും ജീവിക്കുവാനുള്ള പ്രതീക്ഷയും പ്രസ്തുത വിശ്വാസത്തിൽ നിന്ന് ലഭിക്കുകയും മറ്റേതെങ്കിലും വിശ്വാസത്തിൽ അടിയുറച്ച് ജീവിതം നയിക്കുന്ന വ്യക്തിയുടെയോ സമൂഹത്തിന്റെയോ ജീവിതത്തെ ബാധിക്കാത്തതരത്തിലാണാ വിശ്വാസമെങ്കിൽ, ആ വിശ്വാസത്തെ ശാസ്ത്രീയ വിലയിരുത്തലുകൾക്കോ, യുക്തിചിന്തകൾക്കോ വിധേയപ്പെടുത്തേണ്ടതില്ല.

ശാസ്ത്രത്തിന്റെ അടിസ്ഥാനലക്ഷ്യം മനുഷ്യന്റെ നന്മ തന്നെ ആകയാൽ അതേ ലക്ഷ്യത്തോടെതന്നെ മേൽപറഞ്ഞ തരത്തിലുള്ള വിശ്വാസങ്ങളും മനുഷ്യന്റെ സഹയാത്രികനാകുമെങ്കിൽ അത്തരം വിശ്വാസങ്ങൾ തെറ്റാണെന്നും ശാസ്ത്രം മാത്രമാണ് ശരിയെന്നും കണക്കാക്കുന്നത് തികഞ്ഞ വിഡ്ഢിത്തമായിരിക്കും. അതുപോലെ തന്നെ, മനുഷ്യനന്മ ലക്ഷ്യംവയ്ക്കുന്ന വിവിധ വിശ്വാസങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അവയെ പരസ്പരം താരതമ്യംചെയ്യേണ്ട കാര്യവുമില്ല. കാരണം, വിശ്വാസം വ്യക്തിഗതമാണ്. പക്ഷേ, ഒരു വിശ്വാസം തെറ്റായിരുന്നുവെന്ന് പിൽക്കാലത്ത് ശാസ്ത്രീയമായി തെളിയിച്ചാൽ ആ വിശ്വാസത്തെ ഉപേക്ഷിക്കാൻ അത് പിന്തുടരുന്ന സമൂഹം തയാറാകണം. അല്ലെങ്കിൽ അത്തരം അന്ധവിശ്വാസങ്ങൾ വ്യക്തിയുടെ മാനസിക, കുടുംബ, സാമൂഹിക അന്തരീക്ഷത്തിൽ അസ്വസ്ഥതകൾ സൃഷ്ടിച്ച് അയാളുടെയോ സമൂഹത്തിന്റെയോ തകർച്ചയിലേക്ക് നയിക്കാൻ ഇടവരുത്തും.

ശാസ്ത്രീയ തെളിവുകൾ നിരത്തി അന്ധവിശ്വാസങ്ങൾ തെറ്റാണെന്ന് ചൂണ്ടിക്കാട്ടിയിട്ടും അവ ഉൾക്കൊള്ളാതെ അത്തരം വിശ്വാസങ്ങളുടെ പിറകേ മനുഷ്യൻ പരക്കം പായുന്നതിന്റെ കാരണം അന്ധവിശ്വാസങ്ങൾ മനുഷ്യമനസ്സിനെ ആഴത്തിൽ സ്വാധീനിച്ച്, സമൂഹത്തിൽ ക്യാൻസർ പോലെ പടർന്നുപന്തലിക്കാൻ ശേഷിയുള്ള ഒന്നായി മാറിയതാണ്.

മനുഷ്യമനസ്സുകളിലേക്ക് അന്ധവിശ്വാസങ്ങളെ കുത്തിവയ്ക്കാൻ അന്ധവിശ്വാസവാദികൾക്കും, അവയെ പ്രമേയമാക്കി അവതരിപ്പിക്കുന്ന ദൃശ്യകലകൾക്കും അനായാസം സാധിക്കുന്നുണ്ടെന്ന വസ്തുത ചർച്ച ചെയ്യപ്പെടെണ്ടതു തന്നെയാണ്.

ആദിമ മനുഷ്യൻ തങ്ങളുടെ നിലനില്പിനായി പ്രകൃതിയുടെ അനിവാര്യഘടകങ്ങളായ വന്യജീവികളോടും, കാറ്റ്, തീയ് ഉൾപ്പെടെയുള്ള പ്രകൃതി പ്രതിഭാസങ്ങളോടും ഏറ്റുമുട്ടേണ്ടതായിട്ട് വന്നിട്ടുണ്ട്. മനുഷ്യനെ പരാജയപ്പെടുത്താൻ ശേഷിയുള്ള പ്രകൃതിജീവികളെയും പ്രതിഭാസങ്ങളെയും ഭയപ്പാടോടെ നോക്കിക്കണ്ട ഒരു കാലഘട്ടത്തിലൂടെ കടന്നുവന്ന മനുഷ്യൻ, അത്തരം ജീവികളെയും പ്രതിഭാസങ്ങളെയും കുറിച്ച് തന്റെ ഭാവനയിൽ സൃഷ്ടിച്ച് നിറവും, ജീവനും കൊടുത്ത്, പിന്നീടുള്ള തലമുറകൾക്ക് കൈമാറി പോന്നതിന്റെ ഫലമായിട്ടാണ് പല അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നത്.

ആഭിചാരക്രിയയിലൂടെ നല്ല ആരോഗ്യവും, ധനവർദ്ധനയും പ്രശസ്തിയും ലഭിക്കും എന്നൊക്കെയുള്ള മിഥ്യാധാരണ പല വ്യക്തികളുടെയും കുടുംബങ്ങളുടെയും അധഃപതനത്തിന് ഇടയാക്കിയിട്ടുണ്ട്. വിദ്യാഭ്യാസം നേടിയ ഒരു വ്യക്തിക്ക് ജോലി ലഭിക്കാതിരുന്നാൽ, തന്റെ പഠനത്തിന് പോരായ്മ ഉണ്ടെന്നും പ്രസ്തുത വിഷയം ഇനിയും കൂടുതൽ പഠിക്കേണ്ടതാണെന്നുമുള്ള തിരിച്ചറിവല്ലേ ഉണ്ടാകേണ്ടത്. അല്ലാതെ ആഭിചാര ക്രിയകൾക്ക് വിധേയപ്പെട്ടതുകൊണ്ട് തന്നെക്കാൾ പഠിച്ചു മിടുക്കരായ മറ്റുള്ളവരുടെ അറിവിനെ ഇല്ലാതാക്കാൻ പറ്റുമെന്ന് ചിന്തിക്കുന്നതിന്റെ യുക്തി എന്താണ്? അതായത് അന്ധവിശ്വാസം കൊണ്ടും ആഭിചാരക്രിയകൾ കൊണ്ടും അതിന് വിധേയനാകുന്ന വ്യക്തിക്ക് ഒരു നേട്ടവും ഉണ്ടാകുന്നില്ല. മറിച്ച്, അതിനെ പ്രോത്സാഹിപ്പിക്കുന്നവർക്ക് മാത്രമാണ് നേട്ടം ഉണ്ടാകുന്നത്. പണമായോ പ്രശസ്തിയായോ ലഭിച്ചുകൊണ്ടിരിക്കുന്ന നേട്ടം അത്തരക്കാർ ആസ്വദിച്ചുകൊണ്ടിരിക്കുകയും ചെയ്യും.



# വേദനിപ്പിക്കുന്ന പരാജയം



നന്ദിയില്ലാതിരിക്കുക എന്നതു പാപമാണെന്നു ബൈബിൾ പറയുന്നുണ്ട്. പൗലോസ് തന്റെ കാലയളവിലെ ആളുകളുടെ ശോചനീയമായ അവസ്ഥയെകുറിച്ചു എഴുതി: “അവർ ദൈവത്തെ, അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു” (റോമർ 1:21). പിന്നീടൊരിക്കൽ ജനങ്ങളുടെ അവസ്ഥയെകുറിച്ചു അവൻ എഴുതി, “മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പുപറയുന്നവരും, അഹങ്കാരികളും, നന്ദികെട്ടവരും” (2 തിമൊഥെയൊസ് 3:2). പഴയ ഒരു ഐതിഹ്യമനുസരിച്ച്, രണ്ടു ദൂതന്മാരെ മനുഷ്യരുടെ പ്രാർത്ഥനകൾ ശേഖരിക്കുന്നതിനു ഭൂമിയിലേക്കു അയച്ചു. ഒരാൾ തന്റെ കുട്ടയിൽ മനുഷ്യരുടെ പരാതികൾ, യാചനകൾ എല്ലാം ശേഖരിച്ചു. മറ്റൊരു ദൂതൻ ആളുകളുടെ നന്ദിപ്രകടനവും ശേഖരിച്ചു. കുറച്ചു കഴിഞ്ഞ് അവർ ദൈവസിംഹാസനത്തിനടുക്കലേക്കു മടങ്ങിപ്പോയി. ആദ്യത്തെ ദൂതന്റെ കുട്ട മനുഷ്യരുടെ അസംഖ്യമായ ആവശ്യങ്ങളുടെ കൂമ്പാരംകൊണ്ട് നിറഞ്ഞു കവിഞ്ഞിരുന്നു. രണ്ടാമത്തെ ദൂതന്റെ മടക്കം ദുഃഖത്തോടും ഭയപ്പെട്ട ഹൃദയത്തോടും കൂടെ ആയിരുന്നു; കാരണം അവന്റെ കുട്ട ഏതാണ്ട് കാലിയായിരുന്നു.



ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധത്തിൽ മനുഷ്യരുടെ നന്ദിയില്ലായ്മ ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. വർഷങ്ങൾക്കു മുൻപു മിഷിഗൻ തടാകത്തിനടുത്തു ഒരു കപ്പൽ തകരുവാൻ ഇടയായി. കപ്പലിന്റെ ഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞു ആളുകൾ ചിതറി തെറിച്ചു. ഒരു സ്ത്രീ പൊട്ടിയഭാഗത്തു തൂങ്ങി കിടക്കുന്നതു വിദ്യാർത്ഥിയായ എഡ്വേർഡ് സ്പെൻസർ കണ്ടു. അയാൾ തന്റെ കോട്ട് വലിച്ചെറിഞ്ഞ് വലിയ തിരമാലകളെ കീറിമുറിച്ച് നിന്തി, അവളെ കരയ്ക്കെത്തിച്ചു. തുടർന്നു പതിനാറു പ്രാവശ്യം തിരമാലയെ അവഗണിച്ച്, നീന്തി മൊത്തം പതിനേഴുപേരെ രക്ഷപ്പെടുത്തി. അവസാനം അവൻ തളർന്നു വീണു, പിന്നീടുള്ള തന്റെ ആയുഷ്ക്കാലം അനാരോഗ്യത്തിലായിരുന്നു. വർഷങ്ങൾ പിന്നിട്ടു. അവന്റെ മരണക്കുറിപ്പിൽ പറഞ്ഞതു ആ രക്ഷപ്പെട്ട പതിനേഴുപേരിൽ ഒരാൾപോലും വന്നു അവനു നന്ദി പറഞ്ഞില്ല എന്നാണ്.

മറ്റുള്ളവരെ വിധിക്കുക എന്നതു നമ്മുടെ ജോലിയല്ല. നമ്മുടെ കരുതൽ നമ്മെക്കുറിച്ചാണ്. നാം ആയിരിക്കേണ്ടതുപോലെ നന്ദിയുള്ളവരാണോ? നമുക്കു ഏതാനും നിമിഷം ഒരു സ്വയപരിശോധന നടത്താം.

ഷേക്സ്പിയറുടെ രാജാവായ ലിയർ തന്റെ ജീവിതത്തിലെ ദുഃഖസാഹര്യത്തെക്കുറിച്ചു പറയുന്നുണ്ട്. “നന്ദിയില്ലാത്ത മകൻ സർപ്പത്തിന്റെ വിഷമുള്ള പല്ലിനേക്കാൾ മൂർച്ചയുള്ളതാണ്.

ടെക്സാസിലെ ഒരു വ്യാപാരി ഒരു പുസ്തകം അച്ചടിച്ചു. തന്റെ സ്നേഹിതന്മാർക്കും ഉപഭോക്താക്കൾക്കും കൊടുത്തു. അതിന്റെ തലക്കെട്ട്. “ഒരു ദശലക്ഷം നന്ദികൾ” എന്നാണ്. നന്ദികൾ എന്ന വാക്കിനകത്തു ഒരു ദശലക്ഷം പ്രാവശ്യം എന്നു അടിച്ചിരുന്നു. നമ്മെ സഹായിച്ച, പ്രോത്സാഹിപ്പിച്ചവരോടു നാം ദശലക്ഷക്കണക്കിനു “നന്ദി” പ്രകടിപ്പിക്കേണ്ടവരാണ്.

“അങ്ങനെ പറയുക” എന്ന തലക്കെട്ടിൽ ജെറാൾഡിൽ സിയർഫോസ് എഴുതി “നിങ്ങളുടെ സ്വർഗ്ഗീയ പിതാവു നിങ്ങൾക്കു താഴേക്കു അനേകം അനുഗ്രഹങ്ങൾ തരുന്നില്ലേ?

എങ്കിൽ പിന്നെ മുട്ടുമടക്കി അവന്റെ മുമ്പിൽ സത്യസന്ധമായി സന്തോഷത്തോടെ പറയുക. നന്ദി നന്ദി നന്ദി”

ഇതു നമ്മെ സുപ്രധാനമായ സ്വയപരിശോധനയിലേക്കു കൊണ്ടുവരുന്നു. നാം ആയിരിക്കേണ്ടതുപോലെ ദൈവത്തോടു നന്ദിയുള്ളവരാണോ? തീർച്ചയായും, ‘ദൈവമേ അങ്ങു തന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി’ എന്നു പറയുന്നതിലാണ് നമ്മിൽ പലരും പരാജയപ്പെടുന്നത്. തീർച്ചയായും അതു വേദനിപ്പിക്കുന്ന പരാജയമാണ്. സങ്കീർത്തനക്കാരൻ പറഞ്ഞു. “എൻമനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.”



# വേദാഭിമാനിയുടെ മറുപടി

**എന്താണ് ദേഹം, ദേഹി, ആത്മാവ്? ഇതിന് കൃത്യമായ ഒരു നിർവ്വചനം നൽകാൻ സാധിക്കുമോ? ദേഹി, ആത്മാവ് ഒരേ നിലയിലല്ല അന്യോന്യം തിരിച്ചും മറിച്ചും വചനത്തിൽ ഇതേക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ലളിതമായി എങ്ങനെ ഈ വിഷയം മനസിലാക്കാൻ പറ്റും എന്നതാണ് എന്റെ ചോദ്യം. ആധുനിക ശാസ്ത്രത്തിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിരീക്ഷണങ്ങളോ നിഗമനങ്ങളോ ഉണ്ടെങ്കിൽ അതും വ്യക്തമാക്കുമല്ലോ?**

–റവ.ജെ.ക്രിസ്തുദാസ്, വിരൻകാവ്, മഠത്തിൽകോണം, കാട്ടാക്കട, തിരുവനന്തപുരം

ദേഹം ദേഹി ആത്മാവ് എന്ന വിഷയത്തെ സംബന്ധിച്ച് ബൈബിളിലെ വാക്യങ്ങൾ എല്ലാം എടുത്ത് അത് വിശദീകരിച്ചാൽ എത്ര ദിവസം വേണമെങ്കിലും പഠിപ്പിക്കാനോ പ്രസംഗിക്കാനോ സാധിക്കും. പക്ഷേ ഒരിക്കലും കേൾക്കുന്നവർക്ക് ദേഹം, ദേഹി, ആത്മാവ് എന്താണെന്ന് മനസ്സിലാകയില്ല. ദേഹം, ദേഹി, ആത്മാവ് എന്താണെന്ന് വ്യക്തമായി പഠിപ്പിക്കുന്ന ഒരു പുസ്തകമോ ബൈബിൾ ക്ലാസ്സോ ഞാൻ കണ്ടിട്ടും കേട്ടിട്ടുമില്ല. അതുകൊണ്ടുതന്നെ ആഴമായ ഒരു പഠനത്തിൽ ഉരുത്തിരിയുന്ന വസ്തുതകളെ മനസ്സിലാകുന്ന ഭാഷയിൽ ചുരുങ്ങിയ വാചകങ്ങളിൽ വിശദീകരിക്കുവാൻ ആണ് ഞാൻ ശ്രമിക്കുന്നത്.



**ദേഹം:** ജനനമരണങ്ങൾ ഉള്ളതും അസ്ഥി– മജ്ജ– മാംസ– രക്തങ്ങളോടുകൂടിയ ശരീരത്തിനാണ് ദേഹം എന്നു പറയുന്നത്. അതുകൊണ്ട് സാധാരണ നാം കേൾക്കാറുള്ളത് പോലെ ദേഹ വിയോഗം മാത്രമേ സംഭവിക്കുന്നുള്ളൂ. ദേഹിയുടെ നാശം സംഭവിക്കുന്നില്ല. ബൈബിൾ ഭാഷയിൽ മരണം എന്ന് പറഞ്ഞാൽ വേർപിരിയൽ മാത്രമാണ് നാശം അല്ല.

**ദേഹി:** ദേഹത്താൽ ആവൃതമായ ആത്മാവ് എന്നാണ് അതിനു നിർവചനം എങ്കിലും ബൈബിൾ നിർവചനം വ്യത്യസ്തമാണ്. മനസ്സിനെയും ബുദ്ധിയെയും സജീവമാക്കി നിലനിർത്തുന്ന പ്രാണനാണ് ദേഹി എന്ന് പറയുന്നത്. ചലനാത്മകവും ചേതനവും ആണ് ദേഹി എന്ന് പറയുന്നത്. ദേഹത്തെ പ്രവർത്തിപ്പിക്കുന്ന ജീവശക്തി അല്ലെങ്കിൽ പ്രാണനാണ് ദേഹി. ജീവനുള്ള ദേഹത്തിൽ നിന്ന് ദേഹി, പ്രാണൻ വേർപെടുമ്പോൾ ദേഹവും ആത്മാവും തമ്മിൽ പിരിയുന്ന മരണം സംഭവിക്കുന്നു

**ആത്മാവ്:** അകത്തെ മനുഷ്യൻ. മനസ്സാക്ഷി - വിവേചന ശക്തി - ബോധവും വ്യക്തിത്വവും ഉൾക്കൊള്ളുന്ന മനുഷ്യശരീരത്തിലെ അഭൗതികവും അനശ്വരവുമായ സത്ത.

## ആധുനികശാസ്ത്രം അഥവാ ക്വാണ്ടം ഫിസിക്സ്

ആത്മാവിനെ ക്വാണ്ടം ഫിസിക്സ് നിർവചിക്കുന്നത് 'ശരീരത്തിന് ആന്തരിക ജീവനും അസ്ഥിത്വവും നൽകുന്ന ഒരു വ്യക്തിയുടെ അഭൗതിക സത്ത, അല്ലെങ്കിൽ വ്യക്തിയുടെ ജീവിതത്തിന്റെ പ്രവർത്തനപരമായ കാരണം, ആത്മീയ തത്വം.

ജീവശാസ്ത്രജ്ഞനായ സിറിലി ബാരെറ്റ് പറയുന്നത് "ആത്മാവ് എന്നത് അസ്തിത്വ സംവേദന തലമാണ് എന്നുള്ളതാണ്. ദ്രവ്യത്തിന്റെ സങ്കീർണ്ണമായ പദാർത്ഥേതരമായ അവസ്ഥ. ചുരുക്കിപ്പറഞ്ഞാൽ ആത്മാവ് വ്യക്തിത്വത്തിന്റെ ഇരിപ്പിടമാണ്; മനുഷ്യന്റെ ഇച്ഛ, ബുദ്ധി, വികാരം എന്നിവയെല്ലാം ആത്മ കേന്ദ്രീകൃതമാണ്. പദാർത്ഥേതരമായ ആത്മ മണ്ഡലവുമായി മനുഷ്യൻ ആശയവിനിമയം നടത്തുന്ന, ദൈവവുമായി മനുഷ്യനെ ബന്ധിപ്പിക്കുന്ന ഭാഗമാണ് ആത്മാവ്.

ദേഹം ദേഹി ആത്മാവ് എന്താണെന്ന് മനസ്സിലായല്ലോ.

ബൈബിൾ ആദ്യം എഴുതപ്പെട്ടത് മുഖ്യമായും എബ്രായ, ഗ്രീക്ക് ഭാഷകളിലാണ്. ജീവൻ പരാമർശിക്കാൻ ബൈബിൾ എഴുത്തുകാർ ഉപയോഗിച്ചത് നെഫെഷ് എന്ന എബ്രായ പദവും സൈക്കി എന്ന ഗ്രീക്ക് പദവും ആണ്. ഈ രണ്ടു പദങ്ങൾ തിരുവെഴുത്തുകളിൽ 800–ലധികം പ്രാവശ്യം കാണപ്പെടുന്നു. നെഫെഷ്, സൈക്കി എന്നീ പദങ്ങൾ മൂന്നു വ്യത്യസ്ത അർഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്

റാഹേൽ ബെന്യാമിനെ പ്രസവിക്കുന്ന സമയത്ത് അവളുടെ ജീവൻ (നെഫെഷ്) പോയതായി, അതായത് "അവൾ മരിച്ചുപോയി" എന്ന് ബൈബിൾ പറയുന്നു. (ഉല്പത്തി 35:16–19) യേശുവിന്റെ പിൻവരുന്ന വാക്കുകളും ശ്രദ്ധിക്കുക: "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ (സൈക്കി) കൊടുക്കുന്നു. (യോഹന്നാൻ 10:11) നിസ്സംശയമായും, ഈ വാക്യങ്ങളിൽ നെഫെഷ്, സൈക്കി എന്നീ പദങ്ങൾ ഒരു വ്യക്തിയുടെ ജീവനെ കുറിക്കുന്നു. മത്തായി 10:39; യോഹന്നാൻ 15:13; പ്രവൃത്തികൾ 20:10. ഉല്പത്തി 2:7

യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

ഇതിൽനിന്ന് നാം മനസ്സിലാക്കുന്നത് ദേഹി എന്നാൽ പ്രാണനാണ്. മരിക്കും എന്ന് പറയുന്നതുകൊണ്ട് സമ്പൂർണ്ണ നാശമല്ല ഉദ്ദേശിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം. വേദപുസ്തക ഭാഷയിൽ മരണം എന്ന് പറഞ്ഞാൽ വേർപിരിയൽ ആണ്. സെപ്പറേഷൻ ആണ് അനൈഹിലേഷൻ അല്ല. ദേഹത്തെയും ആത്മാവിനെയും ബന്ധിപ്പിച്ച് ജീവൻ നിലനിർത്തുന്ന പ്രാണൻ ശരീരത്തിൽ നിന്ന് വേർപെട്ടാൽ മരണം സംഭവിക്കും. അതായത് ശരീരവും ആത്മാവും തമ്മിൽ വേർപിരിയും. മനുഷ്യനെ സചേതനം ആക്കുന്ന ഒന്നാണ് പ്രാണൻ ദേഹി എന്ന് പറയുന്നത്

"ആത്മാവ്" എന്ന പദം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത് ഏതർഥത്തിലാണെന്നു നമുക്കു നോക്കാം. "ദേഹി" എന്നതിനുള്ള മറ്റൊരു പദമാണ് "ആത്മാവ്" എന്ന് ചിലർ കരുതുന്നു. എന്നാൽ വസ്തുത അതല്ല. "ദേഹി," "ആത്മാവ് എന്നീ പദങ്ങൾ രണ്ടു വ്യത്യസ്ത സംഗതികളെ കുറിക്കുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. എന്താണ് ആ വ്യത്യാസം?

"ആത്മാവ്" എന്നതിന് ബൈബിളെഴുത്തുകാർ ഉപയോഗിച്ചത് റൂവാക് എന്ന എബ്രായ പദവും ന്യൂമ എന്ന ഗ്രീക്കു പദവും ആണ്. തിരുവെഴുത്തുകൾ തന്നെ ഈ വാക്കുകളുടെ അർഥം സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന്, ആത്മാവ് (ന്യൂമ) ഇല്ലാത്ത ശരീരം നിർജ്ജീവമാണ് എന്ന് യാക്കോബ് 2:26 പറയുന്നു. അതുകൊണ്ട് ഈ വാക്യത്തിലെ "ആത്മാവ്" എന്നത് മനുഷ്യനെ മനുഷ്യനാക്കുന്ന ഘടകമാണ്. ആത്മാവ് ഇല്ലാത്ത ശരീരം നിർജീവമാണ്. അതിനാൽ, ബൈബിളിലെ റൂവാക്, ന്യൂമ എന്നീ പദങ്ങൾ "ആത്മാവ്" എന്നു മാത്രമല്ല ജീവശക്തി എന്നും പരിഭാഷപ്പെടുത്താവുന്നതാണ്. ചില ബൈബിളുകൾ റൂവാക് എന്ന പദം അന്തരിക ജീവൻ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു.

മനുഷ്യന്റെ മരണത്തെക്കുറിച്ച് സഭാപ്രസംഗി 12:7 ഇങ്ങനെ പറയുന്നു: "പൊടി അവന്റെ ശരീരം പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും. ആത്മാവ് അഥവാ ജീവശക്തി ശരീരത്തിൽനിന്നു പോകുമ്പോൾ ശരീരം മരിക്കുകയും അത് എവിടെനിന്നു വന്നോ അവിടേക്ക് മണ്ണിലേക്ക് മടങ്ങുകയും ചെയ്യുന്നു. സമാനമായി, ജീവശക്തി അത് എവിടെനിന്നു വന്നോ അവിടേക്ക് ദൈവത്തിങ്കലേക്ക് മടങ്ങിപ്പോകുന്നു. (ഇയ്യോബ് 34:14, 15; സങ്കീർത്തനം 36:9)

ഉല്പത്തി 1:26–27 അനുസരിച്ച് മനുഷ്യൻ മറ്റുള്ള ജീവികളിൽ നിന്ന് വിഭിന്നനാണ് എന്ന് മനസ്സിലാക്കാം. കാണാവുന്ന ശരീരവും, അതേസമയം ആത്മാവായ ദൈവത്തോടു ബന്ധം ഉണ്ടാകത്തക്കവണ്ണം ആത്മാവ് ഉള്ളവൻ ആയിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അസ്ഥിയും മജ്ജയും മാംസവും രക്തവും ഉള്ള ഒരു ദേഹവും പ്രാണനായ ദേഹിയും മനുഷ്യന് ഉണ്ട്. അതോടൊപ്പം സുപ്രധാനമായ ആത്മാവും അതിനോട് ബന്ധപ്പെട്ട ബുദ്ധിവൈഭവം, ഇഛാശക്തി, മനസ്സാക്ഷി എന്നീ കാണാനാവാത്ത ഘടകങ്ങളും മനുഷ്യനുണ്ട്.

കാണാനാവുന്നതും കാണാനാവാത്തതുമായ ഘടകങ്ങൾ മനുഷ്യരിൽ ഉണ്ട് എന്ന് തന്നെയാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ഉല്പത്തി 2:7 അനുസരിച്ച് മനുഷ്യൻ ജീവനുള്ള ദേഹിയാണ്. അതേസമയം പാപം ചെയ്യുന്ന ദേഹി മരിക്കും എന്നും കാണുന്നു. സംഖ്യ 16:22 ൽ 'സകലജഡത്തിന്റേയും ആത്മാക്കൾക്ക് ഉടയവനായ ദൈവമേ' എന്ന് ദൈവത്തെ വിളിച്ചിരിക്കുന്നു. 'സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുക്കൊൾക. ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്' എന്ന് സദൃശ്യ വാക്യം 4:23 ൽ വായിക്കുന്നു. മനുഷ്യഹൃദയം ഇച്ഛയുടേയും വികാരത്തിന്റേയും കേന്ദ്രം ആണെന്ന് ഈ വാക്യത്തിൽ നിന്ന് മനസ്സിലാക്കാം. പ്രവർത്തികൾ 23:1 ൽ ഇങ്ങനെ വായിക്കുന്നു. 'പൌലോസ് ന്യായാധിപസംഘത്തെ ഉറ്റു നോക്കി: സഹോദരന്മാരേ ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടുകൂടി ദൈവത്തിന്റെ മുമ്പേ നടന്നിരിക്കുന്നു എന്നു പറഞ്ഞു'. നല്ലതും തെറ്റും നമുക്കു മനസ്സിലാക്കിത്തരുന്ന മനസ്സിന്റെ ഭാഗമാണ് മനസ്സാക്ഷി. 'ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ' എന്ന് റോമർ 12:2–ൽ വായിക്കുന്നു. ഇങ്ങനെ അനേക വാക്യങ്ങളിൽ മനുഷ്യന്റെ അദൃശ്യ ആളത്വത്തെപറ്റി വായിക്കുന്നു. സകല മനുഷ്യരും ദേഹവും ദേഹിയും ആത്മാവും ഉള്ളവരായി കാണപ്പെടുന്നു. എന്തൊക്കെ ആയാലും, ദേഹി, ആത്മാവ്, ഹൃദയം, മനസ്സ്,



*ശേഷം പേജ് 8*

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
YouTube
vedabhimani.com

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Feb: 2023 at RMS Kayamkulam
Published on Ist Feb: 2023
RNI Registered No. KERMAL/2002/7361

# വിശ്വാസം അല്ലേ എല്ലാം

അമേരിക്കയിലെ ഒരു ഓഫിസ് കെട്ടിടം. ഒരാവശ്യത്തിന് അവിടെ എത്തിയതായിരുന്നു ഒരു പിതാവും ചെറിയ മകളും. എന്തോ കാര്യത്തിന് കുട്ടിയെ ഓഫീസിൽ നിർത്തി പിതാവ് പുറത്തേക്കുവന്നു. തിരിച്ചുചെല്ലാൻ തുടങ്ങുമ്പോഴേക്ക് കെട്ടിടത്തിനു തീപിടിച്ച് ആളുകൾ പരിഭ്രാന്തരായി ഓടുന്നു. അന്തരീക്ഷമാകെ പുകപടലം. ഒന്നും കാണാൻ വയ്യ. പിതാവ് മകളോടു വിളിച്ചുപറഞ്ഞു. 'മോളേ, താഴേക്ക് ചാടെടാ...' കത്തിക്കൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിൽനിന്ന് രക്ഷപ്പെടാൻ അതേ മാർഗമുള്ളു. പക്ഷേ, ചാടിയാൽ എങ്ങോട്ടു വീഴും? അത്രയും ഉയരത്തിൽനിന്ന് നിലത്തോട്ടു വീണാൽ തൽക്ഷണം ആ ബാലിക മരിക്കും! എന്നാൽ പിതാവിന്റെ ശബ്ദം തിരിച്ചറിഞ്ഞ ആ കുഞ്ഞ് ശബ്ദം കേൾക്കുന്ന സ്ഥലത്തേക്ക് എടുത്തുചാടി സുരക്ഷിതമായി പിതാവിന്റെ കൈകളിലേക്കു വീണു.



പിതാവ് എപ്പോഴും ഒരു താങ്ങായി തനിക്കുണ്ടാകുമെന്നും തന്നെ രക്ഷിക്കുമെന്നും മുൻ അനുഭവങ്ങളിൽനിന്നു മനസിലാക്കിയ കുഞ്ഞ് ആ നിർണായക അവസരത്തിലും പിതാവിനെ വിശ്വസിച്ചു. ആ വിശ്വാസം പിതാവ് വിളിച്ചു പറഞ്ഞ ആ അവസരത്തിൽ ഉണ്ടായതല്ല. തൊണ്ടയിടറി, പരിഭ്രാന്തനായിട്ടായിരിക്കും ആ പിതാവ് അലറിയിട്ടുണ്ടാവുക. എന്നാൽ ആ കുഞ്ഞുമനസ്സ് ഓർത്തത് അതിനും മുൻപുള്ള കാര്യങ്ങളാവും.

ഏതവസ്ഥയിലും ഏതു പ്രതിസന്ധിയിലും തന്റെ പിതാവ്/മാതാവ് കൂടെയുണ്ടാകും എന്ന വിശ്വാസം മക്കൾക്ക്, മാതാപിതാക്കളോട് ഉള്ളുതുറക്കാനുള്ള ധൈര്യം തരും. സുഹൃത്ബന്ധത്തിലും ദാമ്പത്യത്തിലും അങ്ങനെതന്നെ. എന്തും പറയാനുള്ള ഒരു സ്പേസ് ഉണ്ടെങ്കിലേ ആരും തുറന്നു പറയൂ. അത് പ്രശ്നങ്ങളാകട്ടെ, ദുഃഖങ്ങളാകട്ടെ ഈ വിശ്വാസം ഉണ്ടാകുന്നത് 'നീ പേടിക്കണ്ടടാ' എന്ന് നൂറാവർത്തി പറയുമ്പോഴല്ല. നമ്മുടെ ഓരോ അവസരത്തിലുമുള്ള ഇടപഴകലുകളിൽ കൂടിയാണ്. വിശ്വാസം അതല്ലെ എല്ലാം!

# ഞാൻ ഫിഗ് മരമല്ല!



2200 വർഷം മുമ്പ് റോമിൽ കാറ്റോ ദ് എൽഡർ എന്നൊരു സെനറ്റർ ഉണ്ടായിരുന്നു. പണ്ഡിതനും പ്രസംഗകനുമൊക്കെയായിരുന്നു അദ്ദേഹം. എന്നാൽ ഒരു കുഴപ്പം; പ്രസംഗം തുടങ്ങിയാൽ നിർത്തില്ല.

ഒരിക്കൽ ഒരു സെനറ്റ് യോഗത്തിൽ കാറ്റോ പ്രസംഗിക്കുകയായിരുന്നു. പ്രസംഗം നീണ്ടുനീണ്ടുപോയി. കേൾവിക്കാർ മുഷിഞ്ഞു. 'ഇതൊന്നു തീർന്നിരുന്നെങ്കിൽ!' അതായി പലരുടെയും ചിന്ത.

ഒടുവിൽ, മറ്റൊരു സെനറ്ററായ ലൂഷ്യസ് ലിസീനിയസ് ലുക്കലെസ് എഴുന്നേറ്റു പറഞ്ഞു: "കാറ്റോ, ഞാനൊരു ഫിഗ് മരമല്ല. ഒരു നിമിഷത്തേക്ക് ഒന്നും മനസ്സിലാവാതെ എല്ലാവരും ലുക്കലെസിനെ നോക്കി. ലുക്കലെസ് തുടർന്നു. "ഇത്രയും ഫലം താങ്ങാൻ എനിക്കു പറ്റില്ല."

അതുകേട്ട് കാറ്റോ ഉൾപ്പെടെ എല്ലാവരും പൊട്ടിച്ചിരിച്ചു. ഫിഗ് മരത്തിൽ കുലകുലയായയാണ് പഴങ്ങളുണ്ടാകുക. അതുപോലെയാണ് പ്രസംഗത്തിൽ ഒന്നിനു പുറകെ ഒന്നായി ആശയങ്ങൾ വരുന്നത് എന്നാണ് ലുക്കലെസ് ഉദ്ദേശിച്ചത്. ഏതായാലും ആ തമാശ ഏറ്റു. കാറ്റോ വൈകാതെ പ്രസംഗം അവസാനിപ്പിച്ചു

## ജന്മരഹസ്യം



കുട്ടി പിതാവിനോടു ചോദിച്ചു: മനുഷ്യർ എങ്ങനെയാണു ജനിക്കുന്നത്?

ആദ്യത്തെ കുട്ടികൾക്ക് ആദവും ഹവ്വായും ജന്മം നൽകി. അവർ വളർന്ന് അവരുടെ കുട്ടികൾക്കു ജന്മം നൽകി. കുട്ടി ഇതേ ചോദ്യം അമ്മയോടും ചോദിച്ചു.

സയൻസു പഠിച്ച അമ്മ പറഞ്ഞു നമ്മുടെ പൂർവികർ കുരങ്ങൻമാരായിരുന്നു. അവർ പരിണാമം പ്രാപിച്ചു മനുഷ്യരായി.

ഇതുകേട്ട് കുട്ടി പിതാവിന്റെ അടുത്തെത്തി പറഞ്ഞു: പപ്പാ എന്നോടു കള്ളം പറഞ്ഞു.

പിതാവ് പറഞ്ഞു. അമ്മ പറഞ്ഞത് അമ്മയുടെ കുടുംബാംഗങ്ങൾ ജനിച്ച രീതിയാണ്!




☺ വായ ശാരീരിക ആരോഗ്യത്തിലേക്കുള്ള കവാടമാണെങ്കിൽ വാചക കസർത്തായ നാക്കിട്ടടിയോ?

റവ.ബെന്നി ഫിലിപ്പോസ്, തുരുത്തമ്പലം, കുളക്കട, കൊട്ടാരക്കര

☹ ***നാണ്യസമ്പത്തിലേക്കുള്ള നടതുറക്കലാണത്.***

☺ കന്നിമൂലയിൽ കഞ്ഞിവച്ചാൽ കുഴപ്പമുണ്ടോ. പ്രവാചകനോടല്ല താങ്കളോടാണ് ചോദ്യം?

ബിജോയി പീടികയിൽ, എസ്.എൻ.പുരം, പാമ്പാടി, കോട്ടയം

☹ ***ആധാരം, കരമടച്ച രസീത്, കന്നിമൂലയുടെ മാപ്പ്, കഞ്ഞിക്കുപയോഗിച്ച അരി തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചിട്ടേ വ്യക്തമായ മറുപടി പറയാൻ സാധിക്കൂ.***

☺ സ്വാതന്ത്ര്യമുള്ള ഈ ജനാധിപത്യ രാജ്യത്ത് മക്കളെക്കുറിച്ച് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട സത്യം?

പി.ടി.ഏബ്രഹാം, ജഗതി, തൈക്കാട്, തിരുവനന്തപുരം

☹ ***മക്കൾ സ്വതന്ത്ര പരമാധികാരമുള്ള റിപ്പബ്ലിക്കാണ്.***

☺ കോപ്പിയടിച്ച് പരീക്ഷ ജയിക്കുന്നത് ശരിയാണോ?

ഫേബാ ചെറിയാൻ, തലക്കോട്, കോതമംഗലം, എറണാകുളം

☹ ***അല്ല. ഉത്തരപേപ്പറിന്റെ അടിയിൽ കടപ്പാട് എന്ന് നിർബന്ധമായും വയ്ക്കണം.***

☺ വാരഫലം നോക്കുന്ന പ്രവാചകന്റെ മുഖത്തെ പുഞ്ചിരിക്കു കാരണം?

അറയ്ക്കൽ ജോൺസൺ, ചേന്നമംഗലം, പറവൂർ, എറണാകുളം.

☹ ***ഈ ആഴ്ചയും രാജയോഗമാണ്.***

☺ കർത്താവിന്റെ വരവിങ്കൽ നാം കരിയില പോലെ പറന്നു പൊങ്ങുമെന്ന് അത്ഭുതദാസൻ?

ലീലാമ്മ പാപ്പച്ചൻ, കിഴക്കൻ മുത്തൂർ, കുറ്റപ്പുഴ, തിരുവല്ല.

☹ ***വഞ്ചിത ജനത്തിന്റെ കണ്ണീരിൽ മണ്ണാങ്കട്ട പോലെ അലിഞ്ഞുപോകാനാണ് സാധ്യത.***

☺ പഴയ പഴഞ്ചൊല്ലുകൾ പറഞ്ഞുമടുത്തു. പുതിയതൊരെണ്ണം പറയാമോ?

സി. വി. ജോൺ, പെരുമറ്റത്ത്, കണ്ടച്ചിറ, കൊട്ടിയം

☹ ***ജീവിതം കെ.എസ്.ആർ.ടി.സി.പോലെ, നഷ്ടമാണെങ്കിലും ഓട്ടത്തിന് ഒരു കുറവുമില്ല.***




## (പേജ് 7 തുടർച്ച) വേദാഭിമാനിയുടെ മറുപടി

മനസ്സാക്ഷി എന്നിവ തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട് എന്ന് മനസ്സിലാക്കാം. എന്നാൽ ദേഹിയും ആത്മാവും മനുഷ്യന്റെ കാണപ്പെടാത്ത ഭാഗങ്ങളിലെ പ്രധാന ഘടകങ്ങളാണ്. അവയോടു ചേർന്ന് മറ്റനേക ഘടകങ്ങളും ഉണ്ട് എന്നതും മറക്കരുത്. ഈ വിഷയത്തെപ്പറ്റി പഠിക്കുമ്പോൾ ഞാൻ പറഞ്ഞ കാര്യങ്ങൾക്ക് അടിവരയിടുന്ന സുപ്രധാനമായ ഒരു വാക്യം എബ്രായർ 4:12 ആണ്. 'ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയുള്ളതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേർപിരിക്കുംവരെ തുളച്ചു കയറുന്നതും ഹൃദയത്തിലെ ചിന്തനകളേയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു'. ഈ വിഷയത്തെപ്പറ്റി രണ്ടുകാര്യങ്ങൾ ഈ വാക്യം പഠിപ്പിക്കുന്നു. പ്രാണനും (ദേഹി) ആത്മാവും ഒന്നല്ല രണ്ടാണെന്നും അതിനെ വേർപിരിക്കുവാൻ കഴിയുമെന്നും അവിടെ നാം കാണുന്നു. 'ഭയങ്കരവും അതിശയവുമായി' (സങ്കീർത്തനം.139:14) നമ്മെ സൃഷ്ടിച്ച ദൈവത്തിന്മേൽ ശ്രദ്ധവെച്ച് ദൈവത്തിനു വേണ്ടി ജീവിക്കുവാൻ ദൈവത്തിന് പ്രസാദകരമായ ജീവിതം നയിപ്പാൻ നാം ഉത്സാഹിക്കേണ്ടതാണ്. അവിടുന്ന് നമ്മുടെ സൃഷ്ടാവാണ്. നമ്മുടെ ഹൃദയത്തെ, ഹൃദയ നിരൂപണങ്ങളെ അവിടുന്ന് അറിയുന്നു എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. ആത്മാക്കളുടെ ഉടയവനായ ദൈവത്തിനു മുൻപിൽ സകല ജാഗ്രതയോടുകൂടെ ഹൃദയത്തെ കാത്തുകൊള്ളേണ്ടതാണ്.

Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally